

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 05 No. 09 | THE ONLINE OFFICIAL NEWS BULLETIN | 2022 February 26

വലിയ നോമ്പുകാലം | SEASON OF GREAT LENT | ܥܕܢܐ ܕܨܘܡܐ ܪܒܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
27  ♪1 Pethurtha hadbšabo d qotné (Feast of Cana) 1st Sunday of Great Lent	28 ♪5 Sawmo rabo/tesmesto d-subqono Great lent begins Reconciliation Service	1  ♪1 Comm. of Mar Anthrayos Bava (St. Marys Church, Kallada)	2  ♪5 35th Mem. of Konattu Abraham Malpan (Pambakuda)	3 ♪1	4 ♪5	5  ♪8 Comme. of St. Ephrem & Mar Theodorus

മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഏഴു പേരെ തിരഞ്ഞെടുത്തു

സഭാചരിത്രത്തിൽ ആദ്യമായി ഓൺലൈൻ വോട്ടെടുപ്പിലൂടെ തിരഞ്ഞെടുപ്പ്



കോലഞ്ചേരി: ഓർത്തഡോക്സ് സഭയ്ക്ക് പുതുതായി 7 ബിഷപ്പുമാരെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തിരഞ്ഞെടുത്തു. ഫാ. ഏബ്രഹാം തോമസ്, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. ഡോ. റെജി ഗീവർഗീസ്, ഫാ. പി.സി. തോമസ്, ഫാ. ഡോ. വർഗീസ് കെ. ജോഷ്വ, ഫാ. വിനോദ് ജോർജ്, ഫാ. സക്കറിയ നൈനാൻ ചിറത്തലാട്ട് എന്നിവരാണു തിരഞ്ഞെടുക്കപ്പെട്ടത്.

സഭയുടെ ചരിത്രത്തിലാദ്യമായി ഓൺലൈനിലൂടെ നടത്തിയ വോട്ടെടുപ്പിൽ വിജയികളായവരുടെ പേരുകൾ അസോസിയേഷൻ പ്രസിഡന്റ് കൂടിയായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. 11 സ്ഥാനാർഥികളാണു മത്സരത്തിനുണ്ടായിരുന്നത്. അൽമായരുടെയും വൈദികരുടെയും വിഭാഗങ്ങളിലെ ഭൂരിപക്ഷം പ്രത്യേകം കണക്കാക്കിയാണു വിജയികളെ നിശ്ചയിച്ചത്.


ആകെ റജിസ്റ്റർ ചെയ്ത 3917 പേരിൽ 3889 പേർ വോട്ടു ചെയ്തു 98.53 %. മൊത്തം വോട്ടർമാരിൽ 98.59% റജിസ്റ്റർ ചെയ്തു. വോട്ടു ചെയ്ത വൈദികരുടെ എണ്ണം 1259. അൽമായരിൽ 2630 പേർ വോട്ടു ചെയ്തു. മെത്രാപ്പൊലീത്ത മാരായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സ്ഥാനാരോഹണ ശുശ്രൂഷ സഭാ സിനഡ് പിന്നീടു തീരുമാനിക്കും.

മെത്രാപ്പൊലീത്തമാരും മാനേജിങ് കമ്മിറ്റി അംഗങ്ങളും പ്രധാന വേദിയായ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിലെ ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ സമ്മേളിച്ചു. മറ്റ് അംഗങ്ങൾ ഓൺലൈനിലൂടെയാണു പങ്കെടുത്തത്. രാജസ്ഥാൻ മുൻ ചീഫ് സെക്രട്ടറി സി.കെ. മാത്യുവായിരുന്നു മുഖ്യ വരണാധികാരി.



കോട്ടയം പഴയ സെമിനാരിയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ 88-ാമത് ഓർമ്മപ്പെരുന്നാളിന് പ. കാതോലിക്കാ ബാവാ പ്രധാന കാർമികത്വം വഹിച്ചു.

ആരാധനാ കലണ്ടർ




“എന്റെ വചനം കേട്ടു എന്നെ അയച്ചവനെ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ട്; അവൻ ന്യായവിധിയിൽ ആകാതെ മരണത്തിൽ നിന്നു ജീവങ്കലേക്കു കടന്നിരിക്കുന്നു.”

ഡോ. ഗീവർഗീസ് മാർ യൂലിയോസ്

രക്ഷാകരമായ വലിയ നോമ്പിലേയ്ക്ക് പ. സഭ ഒരിക്കൽ കൂടെ എത്തിയിരിക്കുന്നു. ‘അവനിൽ ഇരിക്കേണ്ടതിനും അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ടു അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ച് അറിയേണ്ടതിനും’ ഉള്ള മാർഗ്ഗമായി വി. പൗലോസ് ശ്ലീഹാ വി. നോമ്പിനെ വീക്ഷിക്കുന്നു (ഫിലി. 3.10–11). “കർത്താവേ, നിന്റെ കല്പനകളുടെ വഴിയും നിന്റെ പ്രമാണങ്ങളുടെ അനുഷ്ഠാനവും നിന്നിലുള്ള വിശ്വാസത്തിന്റെ ജ്ഞാനവും വി. നോമ്പിലൂടെ ഞങ്ങളെ പഠിപ്പിക്കണമേ; ആത്മീയവും വിശുദ്ധവുമായ ഈ പോരാട്ടത്തിൽ വെടിപ്പോടും വിശുദ്ധിയോടും കൂടെ നിന്റെ തിരുമുമ്പാകെ ജീവിപ്പാൻ ഞങ്ങൾക്കു സംഗതി യാക്കണമേ” എന്ന ധ്യാനത്തോടെയാണ് പ്രാർത്ഥന ആരംഭിക്കുന്നത്.

അനാദിയിലെ സൃഷ്ടികർമ്മം മുതൽ ക്രിസ്തുജനനം വരെയുള്ള ചരിത്രത്തെ പ. സഭ ഓർത്ത് ധ്യാനിച്ചശേഷം ക്രിസ്തുവിൽ ജനിച്ച് വളർന്ന് അവന്റെ ശിഷ്യത്വത്തിലേയ്ക്ക് പ്രവേശിച്ചവരുടെ കൂട്ടമായി നിന്നുകൊണ്ടാണ് ഓരോ വർഷവും വി. വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിക്കുന്നത്. നിബിയന്മാരും ശ്ലീഹന്മാരും സഹദേന്മാരും പിതാക്കന്മാരും ആചാര്യശ്രേഷ്ഠരും വിശ്വാസികളായ സകല വാങ്ങിപ്പോയവരും ചേർന്നാണ് വി. നോമ്പിലേയ്ക്ക് പ്രവേശിക്കുന്നത് എന്നും നാം കണ്ടു. കൊത്തനേ ഞായറാഴ്ച മുതൽ അറിയിപ്പിന്റെ ശനിയാഴ്ച വരെയുള്ള ഏഴ് പൂർണ്ണ ആഴ്ചകൾ (49 ദിവസം) ആണ് ആരാധന സംവത്സരത്തിന്റെ മൂന്നാം കാലമായ വലിയ നോമ്പു കാലത്തിൽ ഉൾപ്പെടുന്നത്.



അമ്പതു നോമ്പെന്ന് നാം സാധാരണ ഭാഷയിൽ പറയുമെങ്കിലും കൊത്തനേ ഞായറാഴ്ച പേത്തുർത്തോ ആഘോഷിച്ച ശേഷം തിങ്കളാഴ്ച ആരംഭിക്കുന്ന നോമ്പിൽ കൃത്യമായി എണ്ണിയാൽ 48 ദിവസങ്ങളേ വരൂ എന്നും ഓർക്കണം. പഴയ – പുതിയ നിയമ പിതാക്കന്മാരും സഭാപിതാക്കന്മാരും അനുഷ്ഠിച്ച 40 നോമ്പിനോട് ചേർന്ന് (നാല്പതാം വെള്ളി) ഹാശാ ആഴ്ചയും ചേരുന്നതാണ് വലിയ നോമ്പു കാലം.

മോശയും ഏലിയാവും നോറ്റ വി. നോമ്പ് നമ്മുടെ കർത്താവും നോറ്റുവെന്ന് സുവിശേഷങ്ങളിൽ വ്യക്തമായി നാം വായിക്കുന്നു. വലിയ നോമ്പിന്റെ കാലഘട്ടത്തെ കർത്താവിന്റെ പരസ്യശുശ്രൂഷ കാലമായും പ. പിതാക്കന്മാർ വിവക്ഷിക്കുന്നുണ്ട്. അതുകൊണ്ടു തന്നെ പരസ്യശുശ്രൂഷയുടെ ആരംഭമായ കാനാവിലെ കല്യാണവിരുന്നാണ് ആദ്യ ദിനത്തിൽ തന്നെ ധ്യാനിക്കുന്നത്. തന്റെ പരസ്യശുശ്രൂഷ കൊണ്ട് മനുഷ്യജാതിക്കു മാത്രമല്ല, പഞ്ചഭൂതങ്ങൾക്കും സർവ്വ പ്രപഞ്ചത്തിനും കേവല രൂപാന്തരം ഉണ്ടാകുന്നുവെന്നതാണ് വീഞ്ഞായി തീരുന്ന വെള്ളത്തിന്റെ പ്രതീകം. വി. വലിയനോമ്പിലെ ആരാധനയിൽ സന്ധ്യയിലും പ്രഭാതത്തിലും വേദപുസ്തക വായനയും ധ്യാനവും നിർബന്ധമാണ്. ഈ വായനകളെല്ലാം തന്നെ ക്രിസ്തുവിൽ പ്രാപിക്കുവാനിരിക്കുന്ന രക്ഷയുടെ അനുഭവങ്ങളാണ് വർണ്ണിക്കുന്നത് എന്ന് സൂക്ഷ്മപരിശോധനയിൽ കാണാം. ഏവൻഗേലിയോൻ വായനകളാകട്ടെ, ക്രിസ്തു ചെയ്യുന്ന അത്ഭുതങ്ങളും അടയാളങ്ങളും സംഭവങ്ങളും, പ്രത്യേകിച്ച് മനുഷ്യജീവിതത്തിന് ഗണ്യമായ മാറ്റം വരുത്തുന്ന രോഗസൗഖ്യങ്ങളുടെ വിവരണങ്ങളുമാണ് എന്നതും ശ്രദ്ധേയം.

തന്റെ പരസ്യ ശുശ്രൂഷയുടെ അന്ത്യത്തിൽ സർവ്വരേയും അതിൽ ചേർത്തു നിർത്തിക്കൊണ്ടാണ് താൻ യരുശലേമിലേയ്ക്ക് കയറുന്നത്. ബഥാന്യയിൽ വച്ച് മൃതലോകത്തു നിന്നും ലാസറിനെയും കൂട്ടത്തിൽ ചേർക്കുന്നുവെന്നും കാണുന്നു.

സർവ്വ പ്രപഞ്ചത്തെയും രക്ഷയിലേയ്ക്ക് നയിക്കുന്നുവെന്നതിനാലാണ് “രക്ഷാകരമായ വലിയ നോമ്പേ സമാധാനത്താലെ വരിക” എന്ന് നാം ആശംസാ പ്രാർത്ഥന നടത്തുന്നത്. ദിവസങ്ങളുടെ ദൈർഘ്യം നിമിത്തമല്ല; പുനരുത്ഥാനത്തിന്റെ വലിയ പെരുന്നാളിലേയ്ക്കുള്ള പ്രവേശനമാർഗ്ഗം എന്നതിനാലാണ് ഈ നോമ്പിനെ വലിയ നോമ്പ് എന്ന് വിളിക്കുന്നത് എന്നും നാം അറിഞ്ഞിരിക്കണം.

വലിയ നോമ്പിന്റെ ആരംഭം മുതൽ അന്ത്യം വരെയും പുനരുത്ഥാനത്തിന്റെ സാക്ഷിയായുമൊക്കെ പ. ദൈവമാതാവിന്റെയും ശ്ലീഹന്മാരുടെയും സജീവ സാന്നിദ്ധ്യം കാണുന്നു. കാനാവിലെ കല്യാണവിരുന്നിൽ കർത്താവ് പോകുന്നത് തന്റെ അമ്മയോടും ശിഷ്യന്മാരോടും കൂടെയാണെന്ന് വി. യോഹന്നാൻ ശ്ലീഹാ പ്രത്യേകം പരാമർശിക്കുന്നു. ഇടയ്ക്കൊക്കെ പതറിപ്പോവുകയും ഒറ്റുകയും തള്ളിപ്പറയുകയുമൊക്കെ ചെയ്യുന്നുണ്ടെങ്കിലും ആ യാത്രയിലുടനീളം ശിഷ്യന്മാർ കൂടെയുണ്ടായിരുന്നുവെന്നും ഓർക്കണം. പൗരസ്ത്യ സഭയുടെ ആരാധനയിൽ ഉടനീളം വി. ദൈവമാതാവിന്റെയും ശിഷ്യന്മാരുടെയും സാന്നിദ്ധ്യം ഉണ്ട് എന്ന് പ. സഭ പഠിപ്പിക്കുന്നതിന്റെ കാരണം ഇതാണ്. “യാചിക്കുന്നു! ഞങ്ങളോടൊപ്പം ഞങ്ങൾക്കായ് നീ പ്രാർത്ഥിക്ക” എന്നാണല്ലോ നാം അപേക്ഷിക്കുന്നത്. “നിഷ്ഠയിൽ നിന്നെ പ്രസവിച്ച...” എന്ന ഗാനത്തിലും ഈ ആശയം വിപുലീകരിക്കപ്പെട്ട് കാണുന്നു. “വി. മാതാവും വി. യൂഹാനോനും ഞങ്ങൾക്കു വേണ്ടി നിന്നോട് അപേക്ഷിക്കുന്നു; ഞങ്ങളോട് കരുണ ചെയ്യണമേ” എന്നാണല്ലോ വി. കുർബാനയുടെ ആരംഭം.

കൊത്തനേ ഞായറാഴ്ചയിലെ വായനകളിലെല്ലാം നിറഞ്ഞു നിൽക്കുന്ന ആശയം യഹോവ നശിപ്പിക്കുന്നവനല്ല, രൂപാന്തരപ്പെടുത്തുന്നവനാണ് എന്നതാണ്. മഹാപ്രളയത്തിനു ശേഷം യഹോവ നൽകുന്ന ഉടമ്പടിയാണ് ആദ്യ വായന. “അപ്പോൾ ഞാനും നിങ്ങളും സർവ്വ ജഡവുമായ സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും” (ഉല്പത്തി 9.12–21). നോഹയുടെ പെട്ടകം പ. സഭയുടെ ആദ്യ പ്രതീകവും ദൃഷ്ടാന്തവും ആണല്ലോ. “യഹോവേ ഉത്തരമരുളേണമേ” എന്ന ഏലിയാവിന്റെ ഹൃദയം നുറുങ്ങിയ പ്രാർത്ഥനയും തുടർന്ന് നടക്കുന്ന ബലിയുമാണ് അടുത്ത വായനയുടെ പ്രതി

പാദ്യം (1 രാജാ. 18.29–46). ബാലിന്റെ പുരോഹിതന്മാരെ നിഗ്രഹിച്ച് സത്യവിശ്വാസത്തിലേയ്ക്ക് ജനതയെ തിരിക്കുകയും ദേശത്തിന് അനുഗ്രഹത്തിന്റെ മഴ നൽകുകയും ചെയ്യുന്ന ചിത്രമാണ് അവിടെ കാണുന്നത്. ഏലിയാവ് എന്ന പദത്തിന്റെ അർത്ഥം എന്റെ ദൈവം യഹോവയാകുന്നു എന്നാണല്ലോ. നോമ്പിന്റെ യഥാർത്ഥ അർത്ഥം പറഞ്ഞു തരുന്ന വായനയാണ് യെശയ്യാ പ്രവചനത്തിലും കാണുന്നത്. "അന്യായത്തിന്റെ ബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അണിക്കയറുകളെ അഴിച്ച് പീഡിതരെ സ്വതന്ത്രരാക്കുക; വിശപ്പുള്ളവന് അപ്പം കൊടുക്കുക; സാധുക്കളെ ചേർക്കുക; നഗ്നനെ ഉടുപ്പിക്കുക. അപ്പോൾ നിന്റെ പ്രകാശം ഉദിക്കുമെന്നും നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതി വരുമെന്നും നീതി നിനക്കു മുമ്പായി നടക്കുമെന്നും യഹോവയുടെ മഹത്വം നിന്റെ പിമ്പടയായിരിക്കുമെന്നും" നാം വായിക്കുന്നു (58.6–14).

കർത്താവിന്റെ കരങ്ങളാൽ പണിയപ്പെട്ട ഒരു സഭ അന്ത്യോക്യയിൽ ഉണ്ടാകുന്നതും 'പ്രബോധന പുത്രനായ ബർണബാസിനെ' യെരുശലേം സഭ അന്ത്യോക്യയിലേയ്ക്ക് അയക്കുകയും അദ്ദേഹം അവിടെ ശുശ്രൂഷ നടത്തുകയും അവിടെ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന പേര് ലഭിക്കുകയും ചെയ്യുന്ന സഭാചരിത്രഭാഗമാണ് ആദ്യ വായനയിൽ (അപ്പോ. പ്രവ. 11.19–26) കാണുന്നത്. ക്രിസ്തുവിൽ ആരംഭിച്ച സംരക്ഷിത സമൂഹത്തിന്റെ കൂടിവരവിനെ വി. നോമ്പിന്റെ പശ്ചാത്തലത്തിൽ സ്മരിക്കുന്നു.

പഴയ മനുഷ്യനെ പൂർണ്ണമായും ഉപേക്ഷിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതു മനുഷ്യനെ ധരിച്ചുകൊൾവീൻ; ഭോഷ്ക്ക് ഉപേക്ഷിച്ച് സത്യം സംസാരിപ്പിൻ; കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ; പിശാചിനു ഇടം കൊടുക്കരുത്; മുട്ടുള്ളവന് ദാനം ചെയ്യുവാനായി കൈ കൊണ്ട് നല്ലതു പ്രവർത്തിച്ച് അദ്ധ്വാനിപ്പിൻ; കൃപ ലഭിക്കേണ്ടതിനായി ആത്മിക വർദ്ധനയ്ക്ക് ഉതകുന്ന നല്ല വാക്ക് സംസാരിപ്പിൻ; ദൈവത്തിന്റെ ആത്മാവിനെ ദുഃഖിപ്പിക്കരുത്; ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ നാമും അന്യോന്യം ക്ഷമിപ്പിൻ എന്നിങ്ങനെ നോമ്പുകാലത്ത് നമ്മിൽ പ്രത്യേകം വളരേണ്ടതായ ക്രൈസ്തവ ധർമ്മ പ്രമാണവും എഫേസ്യരോടുള്ള വി. പൗലോസ് ശ്ലീഹായുടെ പ്രബോധനമായി രണ്ടാം ലേഖനത്തിൽ നാം ധ്യാനിക്കുന്നു.

രക്ഷകന്റെ മരുഭൂ വാസവും അതിന്റെ അന്ത്യത്തിൽ (നാല്പതാം നാൾ കഴിഞ്ഞപ്പോൾ) അവന് വിശക്കുന്നതും അപ്പോൾ സാത്താൻ അവന്റെ അടുക്കൽ വരുവാൻ ധൈര്യപ്പെടുന്നതും അവനെ പരീക്ഷിക്കുന്നതും എന്നാൽ ക്രിസ്തു സാത്താനെ തോല്പിച്ച് ഓടിക്കുന്നതുമായ ചിത്രം വലിയനോമ്പിലെ ഒരു അടിസ്ഥാന തത്വമാണ്. നോമ്പ് ശക്തിയാർജിക്കുമ്പോൾ സാത്താൻ സർവ്വശക്തിയും ഉപയോഗിച്ച് നോമ്പെടുക്കുന്നവനെ തകർക്കുവാൻ ശ്രമിക്കും. അവിടെ അവന്റെ പ്രലോഭനങ്ങളെ നിഷ്ക്കരുണം തള്ളിക്കളയുവാനുള്ള ആത്മീയ വൈരാഗ്യം നോമ്പെടുക്കുന്നവനിൽ ഉണ്ടാകണം. പിശാച് ദൈവസൃഷ്ടിയല്ലാത്തതിനാൽ അവന് നിത്യത ഇല്ല. എന്നാൽ അവന് കയറുവാൻ ഇടംകൊടുത്താൽ അവൻ നമ്മെ പൂർണ്ണമായും നശിപ്പിക്കുവാൻ മാത്രം ചിദ്രശക്തിയുള്ളവനാണ് എന്ന് എപ്പോളും ഓർക്കണം.

പിശാച് നമ്മിൽ വരുന്നത് ഭീകരരൂപിയായിട്ടല്ല, മൃദു ഭാവത്തിലാണ്. ആദ്യനോട്ടത്തിൽ ഏറെ യുക്തിഭദ്രമായ ഉപദേശങ്ങൾ അവൻ നൽകും. വിശക്കുന്ന കർത്താവിനെ അവൻ പേടിപ്പിക്കുന്നില്ല; മറിച്ച് ഏറെ പ്രായോഗികവും കൃത്യതയാർന്നതുമായ ഒരു ഉപദേശമാണ് നൽകുന്നത് എന്ന് ഓർക്കണം; വിശക്കുന്നവന്റെ ദൈവം അപ്പമാണെന്നാണല്ലോ പ്രമാണം. അവിടെയാണ് അവൻ ആരംഭിക്കുന്നതും: "നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമാക്കി മാറ്റുവാനും അത് ആഹരിക്കുവാനും നിനക്കു കഴിയുമല്ലോ." സാധാരണ മനുഷ്യന് ഏറെ ഹൃദ്യമാകുന്ന ഉപദേശം. എന്നാൽ തന്റെ തപോശക്തി കേവല ഭക്ഷണ സുഖത്തിനുവേണ്ടിയുള്ളതല്ല എന്ന് കർത്താവ് ലോകത്തെ പഠിപ്പിക്കുന്നു. 'അപ്പമല്ല ദൈവവചനമാണ് എന്റെ ആഹാരം' എന്ന പ്രഖ്യാപനം!

ത്യാഗോജ്വലമായ സമ്പൂർണ്ണ വർജ്ജനമാണ് വി. നോമ്പ്. ഓരോ വർഷവും ഒരു വിശ്വാസി അനുഷ്ഠിക്കേണ്ട സന്യാസകാലമാണ് വലിയ നോമ്പു കാലം. കാമ്യങ്ങളായ കർമ്മങ്ങളെ ന്യസിക്കുന്നവൻ അഥവാ സമ്യക്ക് ന്യസ്സനത്തിൽ ആകുന്നവനാണ് യഥാർത്ഥ സന്യാസി. ഭുജിക്കുവാനല്ല; ത്യജിക്കുവാനും നാം പഠിക്കണം. 'തേന ത്യക്ത്ത്തേന ഭുഞ്ജിത:' എന്നാണല്ലോ പണ്ഡിത മതം.

യഥാർത്ഥ ഉപവാസത്തോടും പ്രാർത്ഥനയോടും സാഷ്ടാംഗപ്രണാമത്തോടും ദണ്ഡനമസ്ക്കാരത്തോടും കൂടെ ദാനധർമ്മാദികളിൽ ശ്രദ്ധയൂന്നി ക്രിസ്തുവിനോടൊപ്പം ഈ മരുഭൂ യാത്ര പൂർത്തീകരിക്കുവാനും അങ്ങനെ അവന്റെ കഷ്ടാനുഭവത്തിലും മരണത്തിലും പങ്കാളിയായി പുതുമയിലേയ്ക്ക് ഉയിർക്കപ്പെടുവാനും ഈ വലിയ നോമ്പ് നമ്മെ ശക്തരാക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

❑

അസോസിയേഷൻ






അസോസിയേഷൻ

ഇത് യഹോവ ഉണ്ടാക്കിയ ദിവസം, ഇന്ന് നാം സന്തോഷിച്ച് ആനന്ദിക്ക

2022 ഫെബ്രുവരി 25-നു കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി അങ്കണത്തിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നടത്തിയ പ്രസംഗം



ത്രിയേക ദൈവത്തിന് സ്തുതി

ഇത് യഹോവ ഉണ്ടാക്കിയ ദിവസം, ഇന്ന് നാം സന്തോഷിച്ച് ആനന്ദിക്ക (സങ്കീർത്തനം 118:24).

അഭിവന്ദ്യരായ സഹോദര മെത്രാപ്പോലീത്തന്മാരെ, വൈദിക ട്രസ്റ്റി ഡോ. എം. ഒ. ജോൺ കത്തനാർ, അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ബഹുമാന്യരായ കോർ എപ്പിസ്കോപ്പാമാരെ, വന്ദ്യ റമ്പാച്ചന്മാരെ, സ്നേഹമുള്ള വൈദികരെ, നമ്മുടെ വാത്സല്യവാന്മാരായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളെ, വാത്സല്യ മക്കളെ,

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മലങ്കര സഭയുടെ അപ്പോസ്തോലിക പൈതൃകത്തിന്റെയും ക്രിസ്തുവിന്റെ ശരീരമായ പരിശുദ്ധ സഭയുടെ സംഘബോധത്തിന്റെയും കൂട്ടായ്മയുടെയും സജീവ പ്രതീകമാണ്. പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ പവിത്രസ്മരണകൾ നിറഞ്ഞു നിൽക്കുന്ന ഈ മഹായോഗ വേദിയിൽ തേജസ്വികളായ പൂർവ്വിക പിതാക്കന്മാരുടെയെല്ലാം പ്രാർത്ഥനാ സാന്നിദ്ധ്യമുണ്ടെന്ന് നാം ഉറച്ച് വിശ്വസിക്കുന്നു.

മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ യോഗത്തെ അഭിസംബോധന ചെയ്യുവാൻ അനുവദിച്ച മഹാ കാരുണ്യവാനായ ദൈവത്തെ സന്തോഷത്തോടെ നാം മഹത്വപ്പെടുത്തുന്നു. പരിശുദ്ധ സഭയുടെ ഭാവി ഭാഗധേയത്തിൽ വഴിത്തിരിവാകുന്ന ഈ യോഗം വിളിച്ചുകൂട്ടുവാൻ ലഭിച്ച ദൈവകൃപയ്ക്ക് മുമ്പിൽ നാം ശിരസ് നമിക്കുന്നു. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്ന നമ്മുടെ അദ്ധ്യക്ഷതയിൽ ആദ്യമായി ചേരുന്ന അസ്സോസിയേഷൻ യോഗമാണല്ലോ ഇത്. ആഴമായ ദൈവാശ്രയത്തോടെയും, നമ്മുടെ മുൻഗാമികളായ പരിശുദ്ധ പിതാക്കന്മാരുടെ മധ്യസ്ഥതയിൽ അഭയപ്പെട്ടും തികഞ്ഞ അഭിമാന ബോധത്തോടെയാണ് നാം നിങ്ങളെ അഭിസംബോധന ചെയ്യുന്നത്. ബലഹീനനായ നമ്മോടൊപ്പം പരിശുദ്ധ സഭയ്ക്കുവേണ്ടി ദൈവസന്നിധിയിൽ കണ്ണുനീർ വാർക്കുന്ന നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും, വൈദിക ശ്രേഷ്ടരും, വിശ്വാസ സമൂഹവും ഈ സഭയിൽ ഉണ്ടെന്നുള്ളതിന്റെ തെളിവാണ് ഈ അസ്സോസിയേഷൻ യോഗം. കോവിഡ് പ്രതിസന്ധി ഘട്ടത്തിലും നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ച് ഇപ്രകാരം അനുഗ്രഹീതമായി യോഗം ചേരുവാൻ ദൈവം കരുണ ചെയ്തു എന്നത് അനേകരുടെ പ്രാർത്ഥനയുടെ ഫലമാണ്. ലോകമെമ്പാടുമുള്ള നമ്മുടെ വിശ്വാസികളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമ്മുടെ അസ്സോസിയേഷൻ അംഗങ്ങൾക്ക് സാധ്യമാകണം. നിങ്ങൾ ഓരോരുത്തരും നിങ്ങളുടെ ഇടവകകളിലെ വിശ്വാസികളുടെ പ്രതിനിധികളാണ് എന്നത് വിസ്മരിക്കരുത്. സ്വാർത്ഥ ചിന്തകളെ വെടിഞ്ഞ് ദൈവീകമായ പദ്ധതിയിലാണ് ഞാൻ ഏർപ്പെടുന്നതെന്ന ചിന്ത നിങ്ങളിൽ ഓരോരുത്തരിലും ഉണ്ടാകണം.

സമ്മിശ്രമായ വികാരങ്ങളോടുകൂടിയാണ് ബലഹീനനായ നാം ഈ യോഗത്തിൽ സന്നിഹിതനായിരിക്കുന്നത്. മലങ്കര സഭയുടെ സ്വാതന്ത്ര്യം ഭാരതത്തിന്റെ പരമോന്നത കോടതി അംഗീകരിച്ച് നൽകിയതിന്റെ ഉത്തമ ദൃഷ്ടാന്തമായ കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയുടെ ഈ പുണ്യഭൂമിയിൽ, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഈ സമ്മേളനം കൂടുവാൻ കൃപ ചെയ്ത സർവ്വശക്തനായ ദൈവത്തെ നമുക്ക് സ്തുതിക്കാം. നമ്മുടെ മുൻഗാമി, ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായും, നാമും, അഭിവന്ദ്യനായ ഡോ. തോമസ് മാർ അത്താനാസ്യോസ് തിരുമേനിയും ഈ അങ്കണത്തിൽ ഉപവാസം അനുഷ്ടിച്ച നാളുകളിലെ വികാരനിർഭരമായ ഓർമ്മകൾ നമ്മുടെ മനസിലേക്ക് ഓടിയെത്തുന്നു. '*സത്യം നിങ്ങളെ സ്വതന്ത്രരാക്കും*' എന്ന വിശുദ്ധ യോഹന്നാന്റെ സുവിശേഷം അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിരിക്കുന്നു. ദൈവത്തിന് മഹത്വം.

വാത്സല്യ മക്കളെ,

എപ്പിസ്കോപ്പാമാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് നാം നടപ്പിൽ വരുത്തിയ മാനദണ്ഡങ്ങളും നടപടിച്ചട്ടങ്ങളും പ്രകാരം നമ്മുടെ 78/2021-ാം നമ്പർ കല്പന പ്രകാരം രൂപീകൃതമായ സ്ക്രീനിംഗ് കമ്മറ്റി നമുക്ക് സമർപ്പിച്ച 14 പേരുകളിൽ നിന്ന് 2022 ഫെബ്രുവരി മാസം 11-ാം തീയതി സമ്മേളിച്ച അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി തെരഞ്ഞെടുത്ത 11 പേരുകളാണ് ഈ മഹാസമിതിയുടെ മുമ്പാകെ നാം നൽകുന്നത്. സ്ഥാനാർത്ഥികളെ സംബന്ധിച്ച പേരുവിവരങ്ങളും മറ്റും നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും നിങ്ങൾക്കെല്ലാവർക്കും അയച്ചുതന്നിരുന്നുവല്ലോ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

മക്കളെ, മലങ്കര സഭയുടെ ഇന്നത്തെ ആവശ്യം നിറവേറ്റത്തക്കവിധം ഏഴ് മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുകയാണ് ഇന്നത്തെ അസ്സോസിയേഷൻ സമ്മേളനത്തിന്റെ പ്രധാന ഉത്തരവാദിത്തം. നിലവിൽ സഭയുടെ മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ഇടുക്കി, കുന്നംകുളം, മലബാർ, സൗത്ത് വെസ്റ്റ് അമേരിക്ക എന്നീ ഏഴ് ഭദ്രാസനങ്ങളിൽ അസിസ്റ്റന്റ് മെത്രാപ്പോലീത്താമാരാണ് ഭരണം നിർവ്വഹിക്കുന്നത്. പ. സഭ നേരിടുന്ന പ്രയാസങ്ങളിൽ പ്രധാനമായുള്ളത് മേൽപ്പട്ടക്കാരുടെ അഭാവമാണ്. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ എന്ന പരമോന്നത ഭരണസമിതിയുടെ ഉത്തരവാദിത്തമാണ് മലങ്കര സഭയുടെ കാലാനുസൃതമായ ആവശ്യത്തിന് അനുസരിച്ച് മെത്രാപ്പോലീത്താമാരെ തെരഞ്ഞെടുക്കുക എന്നത്. മലങ്കര സഭയുടെ ഭരണഘടനയ്ക്ക് അനുസൃതമായി എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചാണ് യോഗ്യരായ പതിനൊന്നു പേരുടെ ലിസ്റ്റ് സഭാ മാനേജിംഗ് കമ്മറ്റി മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന് നൽകിയിരിക്കുന്നത്. പരിശുദ്ധ സഭയുടെ ആവശ്യം യഥായോഗ്യം മനസിലാക്കി നിങ്ങൾ പ്രവർത്തിക്കണം. പരിശുദ്ധാത്മ ബോധത്തോടെ പ. സഭ നിങ്ങൾക്ക് നൽകിയിരിക്കുന്ന വലിയ അധികാരവും ഉത്തരവാദിത്വവും കണക്കിലെടുത്ത് പതിനൊന്ന് പേരിൽ നിന്ന് 21-ാം നൂറ്റാണ്ടിൽ പരിശുദ്ധ സഭയെ നയിക്കുവാൻ പ്രാപ്തിയുള്ളവരും, പരിശുദ്ധാത്മ നിറവുള്ളവരുമായ ഏഴുപേരെ നമുക്ക് തെരഞ്ഞെടുക്കണം. അപ്പോസ്തല പ്രവർത്തികൾ 6-ാം അദ്ധ്യായം 3-ാം വാകൃത്തിൽ ഇങ്ങനെ നാം വായിക്കുന്നു. "ആകയാൽ സഹോദരന്മാരെ, ആത്മാവും ജ്ഞാനവും നിറഞ്ഞ നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങൾ തിരഞ്ഞുകൊൾവീൻ". ആയതിനാൽ ആദിമ സഭയിൽ എന്നപോലെ പ. സഭയ്ക്കുവേണ്ടി ഏഴുപേരെ നിങ്ങൾ തെരഞ്ഞെടുത്ത് നൽകണമെന്ന് നിങ്ങളുടെ സ്നേഹത്തോട് നാം ആവശ്യപ്പെടുന്നു. അതിനാവശ്യമായ നടപടികൾ നാം നിങ്ങൾക്കയച്ച കല്പനപ്രകാരം ഇന്നിവിടെ പൂർത്തീകരിക്കണം. സഭയുടെ യശസ്സിന് കോട്ടം തട്ടത്തക്ക വിധത്തിലും നമ്മുടെ മനസിന് വേദനയുണ്ടാക്കും വിധവും നിങ്ങളാരും പ്രവർത്തിക്കരുത്. ദൈവാത്മാവിൽ ആശ്രയിച്ച് സഭാ മക്കളുടെ പൂർണ്ണ സഹകരണത്തോടെ മേല്പട്ടക്കാരെ തിരഞ്ഞെടുക്കുന്ന പരിശുദ്ധ സഭയുടെ പാരമ്പര്യത്തിൽ നമുക്ക് സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യാം. മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങളായ നിങ്ങളേവരും മലങ്കര സഭയുടെ അഖണ്ഡതയ്ക്കും ശ്രേയസ്സിനും അഭിമാനത്തിനും വേണ്ടി എന്തു ത്യാഗവും സഹിച്ച് സമർപ്പണ ബോധത്തോടെ പ്രവർത്തിക്കുന്നവരാണെന്ന് നമുക്ക് ഉത്തമ ബോധ്യമുണ്ട്. ആയതിനാൽ ഇപ്പോഴത്തെ നമ്മുടെ പ്രയാസഘട്ടത്തിലും നിങ്ങളേവരും ഈ മഹാ യോഗത്തിന്റെ അന്തസ്സും യശസ്സും ഉയർത്തിപ്പിടിക്കുമെന്നും നമ്മുടെ കരങ്ങൾക്ക് ശക്തി പകരുമെന്നും നമുക്ക് ആഴമായ ഉറപ്പുണ്ട്. ഈ സഭയുടെ കൊമ്പ് ഉയർന്ന് കാണുവാനുള്ള നമ്മുടെ അഭിവാഞ്ച പ്രകടിപ്പിക്കുവാൻ കഴിയുന്നതിലും അധികമാണ്. നമ്മുടെ പിതാക്കന്മാർ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു സൂക്ഷിച്ച് വളർത്തിയ സഭ ഒട്ടും പുറകോട്ട് പോകുവാൻ നിങ്ങളാരും അനുവദിക്കരുത്. മേൽപ്പട്ട സ്ഥാനത്തേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി അത്യദ്ധ്വാനം ചെയ്ത് വിളിച്ചു കൂട്ടിയ ഈ അസ്സോസിയേഷൻ യോഗം എല്ലാ പ്രകാരത്തിലും നിങ്ങൾ വിജയിപ്പിക്കണം.

ഈ അസ്സോസിയേഷനും ചേരുന്നതിനെ തടസപ്പെടുത്തുവാനായി പല കോണുകളിൽ നിന്നും ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. മലങ്കര സഭയ്ക്ക് സമയനഷ്ടവും ധനനഷ്ടവും ബോധപൂർവ്വം സൃഷ്ടിക്കുന്ന വിഘടന പ്രവർത്തനങ്ങളുടെ ഗൗരവ്വം നിങ്ങളേവരും മനസിലാക്കണം. ഈ അസ്സോസിയേഷനിൽ 11 പേരിൽ 7 പേർക്കും നിങ്ങൾ വോട്ട് രേഖപ്പെടുത്തണം. 7 വോട്ട് രേഖപ്പെടുത്തുക എന്നത് ഓരോ ഇടവകയും നിങ്ങളെ ഭരമേൽപിച്ചിരിക്കുന്ന ഉത്തരവാദിത്തമാണ്. നമ്മുടെ ഭരണഘടന അനുസരിച്ചും, അതിനനുസൃതമായി 2016-ൽ ഭേദഗതി ചെയ്ത് നടപ്പിലാക്കിയ എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചും വൈദികരുടെയും അത്മായരുടെയും പ്രത്യേകം പ്രത്യേകം പകുതിയിലധികം വോട്ട് ലഭിച്ചെങ്കിൽ മാത്രമേ സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെടുകയുള്ളൂ. നിക്ഷിപ്ത താൽപര്യങ്ങളും പ്രാദേശിക വികാരങ്ങളും വ്യക്തിഹത്യകളും നമ്മെ സ്വാധീനിക്കരുത്. മലങ്കര സഭയുടെ ഇന്നത്തെ ആവശ്യത്തിന്റെ ഗൗരവ്വം നിങ്ങൾ മനസിലാക്കണം. മലങ്കര സഭയെ നശിപ്പിക്കുവാൻ അസൂയ പൂണ്ട് നടക്കുന്ന പൈശാചിക പ്രവർത്തനങ്ങളോട് മാർത്തോമ്മാ ശ്ലീഹായുടെ അപ്പോസ്തോലിക പാരമ്പര്യം ഉൾക്കൊള്ളുന്ന മലങ്കര നസ്രാണി എക്കാലത്തെയുംപോലെ ഇന്നും ക്രിയാത്മകമായി പ്രതികരിക്കുമെന്നു തന്നെയാണ് നമ്മുടെ പ്രതീക്ഷ.

പ്രിയരെ, ലോകരാഷ്ട്രങ്ങൾ തമ്മിൽ പരസ്പരം സഹകരണ മനോഭാവത്തോടെ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും നമുക്ക് പ്രാർത്ഥിക്കാം. പ്രത്യേകിച്ച് യുക്രെയിനിൽ സംഘർഷം നിലനിൽക്കുന്ന ഈ പശ്ചാത്തലത്തിൽ രാഷ്ട്ര നേതാക്കൾക്ക് വിവേകവും വിജ്ഞാനവും ലഭിക്കുവാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകി സമാധാനത്തോടെ ജീവിതം നയിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും നമുക്ക് ദൈവസന്നിധിയിൽ പ്രാർത്ഥനകൾ സമർപ്പിക്കാം. അധിനിവേശങ്ങൾ അവസാനിക്കാത്തിടത്തോളം കാലം സമാധാനത്തിന്റെ വെൺമ ദർശിക്കുവാൻ സാധിക്കുകയില്ല. പരിശുദ്ധ സഭയും കാലാകാലങ്ങളിൽ നേരിട്ട അധിനിവേശത്തിന്റെ അടയാളങ്ങൾ അവസാനിച്ചിട്ടില്ല. ഭാരതത്തിന്റെ പരമോന്നത നീതിപീഠം വ്യക്തമായ വിധികൾ നൽകിയിട്ടും അത് അംഗീകരിക്കാതെ മറുതലിപ്പിന്റെ ഭാഷയും ആശയവും ഇപ്പോഴും ഉയരുന്നത് നമ്മെ അത്ഭുതപ്പെടുത്തുന്നു. നീതിയോടെ ദൈവജനത്തെ നയിക്കേണ്ടവരിൽ നിന്ന് വിഘടന വാദവും കലഹത്തിന്റെ വാക്കുകളും പുറപ്പെടുന്നത് വേദനാജനകമാണ്. മലങ്കര സഭ ഒന്നേയുള്ളൂ, അത് 1934-ലെ ഭരണഘടനാനുസൃതമായി അച്ചടക്കത്തോടെയും ക്രമീകൃതമായും പരിപാലിക്കപ്പെടേണ്ടതാണെന്ന നീതിപീഠത്തിന്റെ ആഗ്രഹത്തെപ്പോലും അംഗീകരിക്കാത്തവർ ദൈവകൽപനയെ എങ്ങനെ അംഗീകരിക്കുമെന്ന് നമുക്ക് നിശ്ചയമില്ല. പ്രിയ സഹോദരങ്ങളെ, നമുക്ക് ദൈവനാമ മഹത്വത്തിനായും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കായും ദൈവകൽപനകൾക്ക് വിധേയപ്പെട്ട് അനുരഞ്ജനപ്പെടാം.

കോവിഡ് മഹാവ്യാധിയുടെ പ്രതിസന്ധി ലോകത്തിന്റെ പല കോണുകളിലും ഇപ്പോഴും നിലനിൽക്കുന്നു. പ്രപഞ്ചത്തിന്റെ താളാത്മകതയ്ക്ക് കോട്ടം സംഭവിച്ചതിനാൽ പ്രളയവും ഉരുൾപൊട്ടലും വ്യത്യസ്തങ്ങളായ വ്യാധികളും ലോകത്തിന്റെ മിക്ക ഭാഗങ്ങളിലും വൻദുരന്തങ്ങൾ സൃഷ്ടിക്കുന്നു. മനുഷ്യന്റെ ചൂഷണ മനോഭാവം അവസാനിക്കാത്തിടത്തോളം കാലം പ്രകൃതിയുടെ ശാന്തത നമുക്ക് അന്യമാണ്. ലോകത്തിന്റെ സമാധാനത്തിനായും മാനവജനതയുടെ സൗഖ്യത്തിനായും ദൈവമുമ്പാകെ നിരന്തരം നിങ്ങൾ അഭയയാചന നടത്തണം. കോവിഡ് മഹാവ്യാധിയുടെ പ്രതിസന്ധികളെ അതിജീവിച്ച് ജീവിതത്തിന്റെ പ്രവർത്തനമണ്ഡലങ്ങളിൽ മുഴുകുവാനുള്ള വലിയ സന്ദേശം കൂടിയായി മാറുന്നു ഈ അസ്സോസിയേഷൻ യോഗവും അതിന്റെ നടപടികളും എന്നത് നമുക്ക് ഏറെ അഭിമാനം നൽകുന്നു. അതിജീവനത്തിനായി വെമ്പൽ കൊള്ളുന്ന മനുഷ്യമനസുകളിൽ പ്രത്യാശയുടെ പുതുകിരണം ഈ അസ്സോസിയേഷനും പകർന്നു നൽകുവാൻ സാധ്യമാകും എന്നതാണ് നമ്മുടെ ചിന്ത. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗവും വോട്ടിംഗും ഓൺലൈനായി നടത്തപ്പെടുമ്പോൾ നാം ഒരു പുതിയ ചരിത്രം കൂടി അടയാളപ്പെടുത്തുകയാണ്. ആത്യന്തികമായി സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് ജീവിതത്തിന്റെ പ്രതിസന്ധികളിൽ നിന്ന് മുക്തി നേടുവാൻ നമുക്ക് ഏവർക്കും കൂട്ടായി ശ്രമിക്കാം.

ഈ അസ്സോസിയേഷൻ യോഗ ക്രമീകരണങ്ങൾക്ക് നമ്മെ സഹായിച്ച നമ്മുടെ എല്ലാ പ്രിയപ്പെട്ടവരെയും, പ്രത്യേകാൽ ജനറൽ കൺവീനറായി പ്രവർത്തിച്ച അസ്സോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ജോയിന്റ് കൺവീനർമാരായി പ്രവർത്തിച്ച വൈദിക ട്രസ്റ്റി ഫാ. ഡോ. എം. ഒ. ജോൺ, ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്, മുഖ്യവരണാധികാരി ഡോ. സി. കെ. മാത്യു ഐ.എ.എസ്., സഹവരണാധികാരികളായ ശ്രീ. തോമസ് ജോർജ്, ഡോ. വിപിൻ കെ. വറുഗീസ്, നമ്മുടെ കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളുടെ ചുമതലയിൽ പ്രവർത്തിച്ച എല്ലാ കമ്മറ്റിയംഗങ്ങളെയും, നമ്മുടെ കാതോലിക്കേറ്റ് ഓഫീസ് സ്റ്റാഫ് അംഗങ്ങളെയും നാം പ്രത്യേകം അഭിനന്ദിക്കുന്നു.

മലങ്കര സഭയുടെ നിലനിൽപ്പിനും അഭ്യുന്നതിക്കും വേണ്ടി അദ്ധ്വാനിച്ച അർക്കദിയാക്കോൻമാരുടെയും, മാർത്തോമ്മാ മെത്രാപ്പോലീത്തന്മാരുടെയും, ഭാഗ്യസ്മരണാർഹരായ നമ്മുടെ മുൻഗാമികളായ പിതാക്കന്മാരുടെയും, പരിശുദ്ധന്മാരായ യൽദോ മാർ ബസേലിയോസ്, പരുമല മാർ ഗ്രീഗോറിയോസ്, വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് എന്നീ പിതാക്കന്മാരുടെയും മദ്ധ്യസ്ഥതയിൽ നമുക്ക് ശരണപ്പെടാം. സഭാ ഗാത്രത്തിന് ശക്തി പകരുവാൻ നമുക്ക് പ്രാർത്ഥനാപൂർവ്വം ഒന്നിച്ച് നീങ്ങാം.

മക്കളെ, നിങ്ങളാണ് നമ്മുടെ ബലം. നമ്മുടെ അനുസരണമുള്ള മക്കൾ എന്ന നിലയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട 11 പേരിൽ 7 പേർക്കും ഇപ്പോൾ രജിസ്ട്രേഷൻ പൂർത്തിയാക്കിയ 3917 പേരും വോട്ടു ചെയ്യണം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ !

❑

അസോസിയേഷൻ

മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് ഇവർ



ഫാ. ഏബ്രഹാം തോമസ് (52): പത്തനംതിട്ട മൈലപ്ര സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗം. കടയ്ക്കാമണ്ണിൽ പരേതനായ കെ.എ. തോമസിന്റെയും അന്നമ്മയുടെയും മകൻ. കോട്ടയം പഴയ സെമിനാരി അസി. പ്രഫസർ, എക്യുമെനിക്കൽ റിലേഷൻസ് സെക്രട്ടറി. ഗണിതശാസ്ത്രത്തിൽ ബിരുദം. പുരാതന, ബൈസന്റൈൻ പഠനങ്ങളിൽ ബിരുദാനന്തര ബിരുദം. ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും.



ഫാ. പി.സി.തോമസ് (52): ആലപ്പുഴ ചേന്നങ്കരി സെന്റ് തോമസ് പള്ളി. പുല്ലേപറമ്പിൽ പരേതനായ തോമസ് ചാക്കോയുടെയും അന്നമ്മയുടെയും മകൻ. അസി. പ്രഫസർ, പഴയ സെമിനാരി. മലയാളത്തിൽ ബിരുദം. ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും



കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ (48): മണ്ണത്തൂർ സെന്റ് ജോർജ് പള്ളി. കൊച്ചുപറമ്പിൽ കെ.എം.ഏലിയാസിന്റെയും ഓമനയുടെയും മകൻ. വികാരി, കത്തിപ്പാറത്തടം പള്ളി, കൂത്താട്ടുകുളം സെന്റ് സ്റ്റീഫൻസ് പള്ളി. ചരിത്രത്തിലും നിയമത്തിലും ബിരുദം. ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും.



ഫാ. ഡോ. റെജി ഗീവർഗീസ് (48): മുട്ടം സെന്റ് മേരീസ് പള്ളി. കാട്ടുപറമ്പിൽ പരേതനായ കൊച്ചുപാപ്പിയുടെയും അമ്മിണിയുടെയും മകൻ. കോട്ടയം പഴയ സെമിനാരി അസോഷ്യേറ്റ് പ്രഫസർ. ബികോം, ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും.



ഫാ. വിനോദ് ജോർജ് (49): ആറാട്ടുപുഴ സെന്റ് മേരീസ് പള്ളി. ചെങ്ങന്നൂർ ആറാട്ടുപുഴ മാലേത്ത് എം.ജി.ജോർജിന്റെയും അക്കാമ്മയുടെയും മകൻ. പരുമല സെമിനാരി മാനേജർ. സാമ്പത്തികശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും ബിരുദം.



ഫാ. ഡോ. വർഗീസ് കെ.ജോഷ്വ (50): തുമ്പമൺ സെന്റ് മേരീസ് കാദീശ്താ പള്ളി. തുമ്പമൺ ചെന്നീർക്കര കിഴക്കേമണ്ണിൽ പി.സി.ജോഷ്വയുടെയും മേരിക്കുട്ടിയുടെയും മകൻ. മാർ ബസേലിയോസ് ദയറ ഞാലിയാകുഴി. ചരിത്രത്തിൽ ബിരുദം, സുറിയാനിയിൽ ബിരുദാനന്തര ബിരുദം, ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും.



ഫാ. സഖറിയ നൈനാൻ ചിറത്തിലാട്ട് (43): വാകത്താനം സെന്റ് മേരീസ് പള്ളി. വാകത്താനം പുത്തൻചന്ത ചിറത്തിലാട്ട് സി.ജോൺ കോറെപ്പിസ്കോപ്പയുടെയും ലിസി ജോണിന്റെയും മകൻ. മലങ്കര സഭാ മാസിക ചീഫ് എഡിറ്റർ. നിയമത്തിലും ദൈവശാസ്ത്രത്തിലും ബിരുദം, സുറിയാനിയിൽ ബിരുദാനന്തര ബിരുദം.

വോട്ട് ഇങ്ങനെ

ഓരോരുത്തർക്കും ലഭിച്ച വോട്ട് (വൈദികരുടെയും അൽമായരുടെയും വിഭാഗം എന്ന ക്രമത്തിൽ):

1	ഫാ. ഏബ്രഹാം തോമസ്	1001, 2040
2	ഫാ. വിനോദ് ജോർജ്	964, 1976
3	ഫാ. പി. സി. തോമസ്	942, 1762
4	ഫാ. ഡോ. വർഗീസ് കെ. ജോഷ്വ	841, 1800
5	കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ	781, 1936
6	ഫാ. സഖറിയ നൈനാൻ ചിറത്തിലാട്ട്	773, 1729
7	ഫാ. ഡോ. റെജി ഗീവർഗീസ്	700, 1490
8	ഫാ. അലക്സാണ്ടർ പി.ഡാനിയേൽ	654, 1568
9	ഫാ. എൽദോസ് ഏലിയാസ്	434, 1004
10	ഫാ. വർഗീസ് പി. ഇടിച്ചാണ്ടി	400, 1043
11	ഫാ. യാക്കോബ് തോമസ്	590, 1241

അസോസിയേഷൻ


MALANKARA SYRIAN CHRISTIAN ASSOCIATION
BASELIOS PAULOSE I NAGAR, KOLENCHERY
February 25, 2022
CATHOLICATE NEWS


JOBIN MATHEW





മലങ്കര അസോസിയേഷൻ വിവിധ ദൃശ്യങ്ങൾ







Core Committee Members With H H after the Completion of Malankara Syrian Christian Association 2022.

സ്നേഹത്തിന്റെ സ്വാതന്ത്ര്യം

ഒരു മഹാ രഹസ്യം

യാഥാർത്ഥ്യത്തിന്റെ ഹൃദയസ്ഥാനത്ത് ഒരു മഹാ രഹസ്യമായി, പരിശുദ്ധാത്മാവിലുള്ള സർഗ്ഗാത്മക സ്വാതന്ത്ര്യത്തോടൊപ്പം എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന സ്നേഹം. ഒരു മനുഷ്യന്റെ ദർശനം. ഒരു ആദ്ധ്യാത്മിക ആത്മകഥ


പൗലോസ് മാർ ഗ്രീഗോറിയോസ്

വിവർത്തനം: എം. കുര്യൻ

ഒരു കൗമാരപ്രായക്കാരന്റെ രാഷ്ട്രീയ ജീവിതം

1937-ലും '38-ലും ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനം ശക്തിയാർജിക്കാൻ തുടങ്ങി. പൊതുവേ പറഞ്ഞാൽ ക്രിസ്ത്യാനികൾ ഇക്കാര്യത്തിൽ ആവേശമോ അത്യുത്സാഹമോ കാണിച്ചില്ല. സ്വയംഭരണത്തേക്കാൾ ഭേദം ബ്രിട്ടീഷ് സാമ്രാജ്യഭരണമാണെന്നായിരുന്നു അവരിൽ ബഹുഭൂരിപക്ഷത്തിന്റെയും വിചാരം. കോളനിഭരണകർത്താക്കളും ക്രിസ്ത്യാനികളായിരുന്നുവല്ലൊ! ഈ വീക്ഷണഗതി എനിക്ക് സ്വീകാര്യമായി തോന്നിയില്ല. പ്രത്യേകിച്ചും കൊച്ചിയിലും തിരുവിതാംകൂറിലും മഹാരാജാക്കന്മാരാണ് ഭരിച്ചിരുന്നത്; ബ്രിട്ടീഷുകാർ നേരിട്ടല്ല. വളരെ ചുരുക്കം ബ്രിട്ടീഷുകാരെ മാത്രമേ ഞങ്ങൾ കണ്ടിരുന്നുള്ളു. അവർ ഞങ്ങളുടെ സാമൂഹ്യജീവിതത്തിന്റെ ഭാഗമായിരുന്നുമില്ല.

കൊച്ചിയിലെ ഞങ്ങളുടെ മഹാരാജാക്കന്മാർ - സാധാരണഗതിയിൽ എൺപതു വയസ്സോളമുണ്ടാകും - പ്രായേണ ദയാതല്പരരും ദൈവഭയമുള്ളവരുമായിരുന്നു. ഏതാണ്ട് 600 അംഗങ്ങളുള്ള രാജകുടുംബത്തിലെ ഏറ്റവും പ്രായംകൂടിയ പുരുഷനാണ് സാധാരണഗതിയിൽ സിംഹാസനാരൂഢനാകുന്നത്. അപ്പോൾ അദ്ദേഹത്തിന് സാധാരണയായി എൺപത് വയസ്സുണ്ടാകും. അതിനുശേഷം അദ്ദേഹം അധികകാലം ജീവിച്ചിരിക്കാറില്ല. ഞങ്ങളുടെ വീട് ഹിൽപാലസ് റോഡിലായിരുന്നു. ഏതാണ്ട് ഒരു മൈൽ അകലെയുള്ള മഹാരാജാവിന്റെ കൊട്ടാരത്തിലേക്ക് പോകാനുള്ള പാതയാണത്. ഞങ്ങളുടെ വീടിന്റെ മുമ്പിലൂടെ മഹാരാജാവ് കടന്നുപോകുന്നത് ഞങ്ങൾ മിക്കവാറും കാണാറുണ്ട്.



ഉത്സവദിവസങ്ങളിലൊഴികെ വലിയ ആർഭാടങ്ങളോ ആഡംബരങ്ങളോ ഉണ്ടാകാറില്ല. സ്കൂൾ കുട്ടികളായിരുന്നപ്പോൾ ഞങ്ങൾ ആണ്ടിലൊരിക്കൽ കൊട്ടാരത്തിൽ പോകുമായിരുന്നു. അവിടെ ഞങ്ങൾക്ക് മധുരപലഹാരങ്ങൾ നല്കി. രാജകൊട്ടാരത്തിലെ പല ചെറുപ്പക്കാരും എന്റെ സഹപാഠികളായിരുന്നു. ഞങ്ങളുമായി സാമൂഹികമായി ഇടപെടുന്നതിൽ നിന്ന് അവരെ വിലക്കിയിരുന്നു. ചില മഹാരാജാക്കന്മാർ മികച്ച പണ്ഡിതന്മാരായിരുന്നു. പ്രത്യേകിച്ച് സംസ്കൃതത്തിൽ. ചില മഹാരാജാക്കന്മാരാകട്ടെ ശുദ്ധഗതിക്കാരും. പല തമാശകളും അവരെപ്പറ്റി പറയുന്നുണ്ട്.

ഒരു തമാശ ഇതാണ്. എൺപതു വയസ്സുള്ള അദ്ദേഹം ഒരു ഫുട്ബോൾ മത്സരത്തിൽ മുഖ്യാതിഥിയായിരുന്നു. അദ്ദേഹം ആദ്യമായാണ് ഫുട്ബോൾ കളി കാണുന്നത്. 22 പേർ ഒരു പന്തിനുവേണ്ടി പന്തിന്റെ പിന്നാലെ പരക്കംപായുന്നതു കണ്ടിട്ട് അദ്ദേഹം മന്ത്രിയോടു പറഞ്ഞു: "ഒരു പന്തിനു വേണ്ടി എന്തിനാണ് ഇവരെല്ലാംകൂടി ഉന്തും തള്ളും നടത്തുന്നതും ബഹളം വയ്ക്കുന്നതും? രണ്ടു ഡസൻ പന്തുകൾ വാങ്ങിക്കൊടുത്താൽ ഓരോരുത്തനും ഓരോ പന്തു കിട്ടുമല്ലോ."

ഇത്തരം ഓമനത്തമുള്ള ശുദ്ധാത്മാക്കൾ ഭരിച്ചിരുന്നതിനാൽ ബ്രിട്ടീഷ് സാമ്രാജ്യഭരണത്തിന്റെ ഭാരം ഞങ്ങൾക്ക് അനുഭവപ്പെട്ടിരുന്നില്ല. സമൂഹത്തിൽ ഒട്ടേറെ മർദ്ദനവും ചൂഷണവും അനേകം അസമത്വങ്ങളും അനീതികളും നടമാടിയിരുന്നെങ്കിലും അക്കാലത്ത് അതൊന്നും എന്നെ ആവേശംകൊള്ളിച്ചില്ല.

മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്രുവും അന്നു ഞങ്ങളുടെ വലിയ നേതാക്കന്മാരായിരുന്നു. പക്ഷേ അവരെ ഞങ്ങൾ ദുർലഭമായേ കണ്ടിരുന്നുള്ളു. യുവാവായിരിക്കുമ്പോൾ ഞാൻ ഒരിക്കൽ നെഹ്രുവിന്റെ പ്രസംഗം കേട്ടു. അദ്ദേഹം പറഞ്ഞ കാര്യങ്ങളും അവ പറഞ്ഞ രീതിയും എന്നിൽ മതിപ്പു വളർത്തി. ഗാന്ധിജി ഒരിക്കൽ ഞങ്ങളുടെ പട്ടണം സന്ദർശിച്ചു. അദ്ദേഹത്തിന്റെ ലാളിത്യവും പല്ലില്ലാത്ത പുഞ്ചിരിയും എന്നെ ആകർഷിച്ചു. പക്ഷേ ഞങ്ങളുടെ നാട്ടിലൊരാൾ ഒരു വൃത്തികേടു കാണിച്ചു. തനിക്കു കിട്ടുന്നതെന്തും ഗാന്ധിജി ലേലം വിളിക്കുമായിരുന്നു. കിട്ടുന്ന തുക ഏതെങ്കിലും ധർമ്മകാര്യങ്ങൾക്കു നല്കും. എന്റെ പട്ടണത്തിൽ അദ്ദേഹത്തിനു നല്കിയ മംഗളപത്രം (ഗിൽറ്റിട്ടത്) ലേലം ചെയ്തു. ഏറ്റവും കൂടുതൽ തുകയ്ക്കു ലേലം കൊണ്ടത് ഒരു കൃഷ്ണൻകുട്ടിയായിരുന്നു. അന്നു നാല്പതു രൂപ ഒരു വലിയ തുകയാണ്. കൃഷ്ണൻകുട്ടി വ്യാജനോട്ടു വിൽപ്പനക്കാരനാണെന്ന് ഞാൻ പിന്നീടു മനസ്സിലാക്കി. അയാൾ ഗാന്ധിജിക്കു നൂറുരൂപയുടെ ഒരു കള്ളനോട്ടു നല്കി. ബാക്കി കിട്ടിയ അറുപതുരൂപയുടെ നല്ല നോട്ടുകൾ അയാൾ പോക്കറ്റിലാക്കുകയും ചെയ്തു. അതിനുംപുറമെ നന്നായി ഫ്രെയിം ചെയ്ത, ഗിൽറ്റിട്ട, മംഗളപത്രം അയാൾക്കു സ്വന്തമായി.

കൗമാരപ്രായക്കാരനെന്ന നിലയിൽ സ്വന്തസ്ഥലത്തെയും സംസ്ഥാനത്തെയും രാഷ്ട്രീയത്തിലായിരുന്നു എനിക്കു കൂടുതൽ താല്പര്യം. അയിത്തം സമൂഹത്തിൽ നിന്നു വിപാടനം ചെയ്യേണ്ടതിന്റെ ആവശ്യകത എനിക്കു മനസ്സിലായിത്തുടങ്ങി. അതിനുവേണ്ടിയായിരുന്നല്ലൊ ഗാന്ധിജി പോരാടിക്കൊണ്ടിരുന്നത്. കാലംകഴിഞ്ഞതോടെ, സാമൂഹികവും സാമ്പത്തികവുമായ അസമത്വങ്ങൾ നീക്കം ചെയ്യേണ്ടതിന്റെ ആവശ്യകത എനിക്കു ബോധ്യമായി. ഒരു റിപ്പോർട്ടറെന്ന നിലയിൽ, ഞാൻ റിപ്പോർട്ടു ചെയ്ത രാഷ്ട്രീയ യോഗങ്ങൾ എന്റെ അവബോധരൂപവൽക്കരണ പ്രക്രിയയെ സഹായിച്ചു.


ഞങ്ങളുടെ സംസ്ഥാനത്തെ പിന്നോക്ക ഈഴവസമുദായത്തിൽനിന്നുള്ള വലിയ സാമൂഹിക പരിഷ്ക്കർത്താക്കളിൽ ഒരാളായ സഹോദരൻ അയ്യപ്പൻ പ്രസംഗിച്ച ഒരു മഹായോഗം റിപ്പോർട്ടുചെയ്യുകയായിരുന്നു ഞാൻ. സാമൂഹ്യപരിഷ്ക്കാരത്തിനുവേണ്ടിയുള്ള അദ്ദേഹത്തിന്റെ വാദമുഖങ്ങൾ എന്നെ ആകർഷിച്ചു. ചർച്ചാവേളയിൽ ഞാൻ അദ്ദേഹത്തോട് ഒരു ചോദ്യം ചോദിച്ചു (പ്രസ് ഗാലറിയിൽനിന്ന് അങ്ങനെയൊരു ചോദ്യം അന്ന് തീരെ അപ്രതീക്ഷിതമായിരുന്നു): "പതിനാറുവയസുകാരനായ എന്നെപ്പോലു

ള്ളവരെ, നേതാക്കന്മാരായ നിങ്ങൾ, രാഷ്ട്രീയത്തിൽ ചേരാൻ അനുവദിക്കാത്തതെന്താണ്?" അദ്ദേഹത്തിന്റെ മറുപടി അതിശ്രദ്ധേയമായിരുന്നു. ഇന്നും അതെന്റെ ചെവികളിൽ മുഴങ്ങുന്നു: "വയലിൽനിന്ന് നെല്ലിൻഞാറുകൾ പിഴുതെടുത്ത് കന്നുകാലികൾക്കു കൊടുക്കുന്നതിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല." ഞാൻ എവിടെ നില്ക്കുന്നുവെന്ന് അങ്ങനെ ഞാൻ മനസ്സിലാക്കി. ഞാൻ വെറും ഞാറിൻതൈ മാത്രം.

എന്നിരിക്കിലും അനുവദനീയമായ ഇടങ്ങളിൽ ഞാൻ രാഷ്ട്രീയമായി സജീവം പ്രവർത്തിച്ചു. ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ നിന്ന് കൊച്ചി നിയമസഭയിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ് സ്ഥാനാർത്ഥിക്കു വേണ്ടിയുള്ള തെരഞ്ഞെടുപ്പു പ്രചാരണത്തിൽ ഞാൻ പങ്കെടുത്തു. എന്റെ റിപ്പോർട്ടിങ്ങും രാഷ്ട്രീയമായി അർത്ഥവത്തായിരുന്നു. ഇതൊക്കെയാണെങ്കിലും രാഷ്ട്രീയമായ എന്റെ സംവേദനക്ഷമത വികസിക്കുന്നത് വർഷങ്ങൾക്കു ശേഷമാണ്. എനിക്ക് പതിനേഴു വയസ്സുള്ളപ്പോൾ എന്റെ പട്ടണത്തിലെ പബ്ലിക് ലൈബ്രറിയുടെയും വായനശാലയുടെയും ഓണററി സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. ഒരു ചെറുപ്പക്കാരനിൽ പ്രായമായവർക്കുള്ള വിശ്വാസത്തിന് തെളിവാണത്. ഞാൻ വളരെ കാര്യക്ഷമമായി ആ ജോലി നിർവ്വഹിച്ചു. ആ ലൈബ്രറിയിലെ ഗ്രന്ഥങ്ങളിൽ മിക്കതും ഞാൻ വായിച്ചുതീർക്കുകയും ചെയ്തു.

കഷ്ടാനുഭവത്തിന്റെ അർത്ഥം സംബന്ധിച്ച ചർച്ചയോടു കൂടിയാണ് ഈ അദ്ധ്യായം ആരംഭിച്ചത്. ബുദ്ധമതത്തോട് എനിക്ക് ബഹുമാനമുണ്ടെങ്കിലും ബുദ്ധമതരീതിയിൽ കഷ്ടാനുഭവപ്രശ്നത്തെ മനസ്സിലാക്കാൻ എനിക്കു കഴിയുന്നില്ല. കഷ്ടാനുഭവത്തെ മനസ്സിലാക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന യവന രീതിയും ക്രിസ്തീയരീതിയും എന്നെ കൂടുതലായി അമ്പരപ്പിച്ചിട്ടേയുള്ളു.

കഷ്ടാനുഭവത്തെപ്പറ്റി പ്രതിപാദിച്ചിട്ടുള്ളവരിൽ യവനരിൽ സ്റ്റോയിക്ക് വിഭാഗക്കാർ മുമ്പിലാണ്. അവരുടെ വലിയ ഗുണം കാണിക്കുന്ന പദമാണ് Apatheia (അതിന്റെ അർത്ഥം നിർവ്വികാരതയെന്നോ ഉദാസീനതയെന്നോ അല്ല). അക്ഷരാർത്ഥത്തിൽ apatheia 'കഷ്ടാനുഭവമല്ലായ്ക' (non-suffering) എന്നു തർജമചെയ്യാം. അവരെ സംബന്ധിച്ചിടത്തോളം സന്തുഷ്ടി (eudaimonia), സ്വാതന്ത്ര്യം (eleutheria) എന്നിവയുടെ പര്യായമായമാണത്. Apatheia എന്നതിനു impassibility എന്നു പറയുന്നതാണു കൂടുതൽ ശരി. അരിസ്റ്റോട്ടിലാണ് ഇത് ആദ്യമായി 'കഷ്ടാനുഭവത്തിന് കഴിവില്ലാത്ത' എന്ന അർത്ഥത്തിൽ ഉപയോഗിച്ചത്. സ്റ്റോയിക്കു വിഭാഗക്കാർ ദൈവത്തെ പരാമർശിക്കാൻ ഈ പദം ഉപയോഗിച്ചു. Apatheia ദൈവത്തിന്റെ ഒരു വിശേഷണമാണ്. ദൈവത്തിന് കഷ്ടാനുഭവം സാധ്യമല്ല. അദ്ദേഹം നിർവികാരനാണ്. കഷ്ടാനുഭവസീമയ്ക്ക് അപ്പുറമാണ്. മനുഷ്യരാശിയുടെ ആദർശവും അതായിരിക്കണം. കഷ്ടാനുഭവത്തിനുമപ്പുറം; കഷ്ടാനുഭവത്താൽ ബാധിക്കപ്പെടാതെ. ദൈവത്തിന്റെ നിർവികാരത സ്റ്റോയിക്കുകാരുടെ സാന്മാർഗ്ഗിക മാനദണ്ഡമായി. സ്റ്റോയിക്കുകാർ എല്ലാവികാരങ്ങളിൽനിന്നുമുള്ള സ്വാതന്ത്ര്യം സൂചിപ്പിക്കാൻ apatheia എന്ന പദം ഉപയോഗിച്ചു. ഒരു സംഭവത്താലും സ്പർശിക്കപ്പെടാത്ത ഒരവസ്ഥ. ദൈവികമായ നിർവികാരത അഥവാ ഏതു ബാഹ്യസാഹചര്യങ്ങളിൽ നിന്നുമുള്ള വ്യതിരിക്തത, സമചിത്തത. എ. ഡി. 55 നും 135 നും ഇടയ്ക്കു ജീവിച്ചിരുന്ന മഹാനായ സ്റ്റോയിക് ദാർശനികനായ എപ്പിക്ടേറ്റസ് കൂടുതൽ വ്യക്തമായി ഉപന്യസിച്ച സിദ്ധാന്തം ക്രിസ്ത്യാനികളെ സ്വാധീനിച്ചിരുന്നു. യഥാർത്ഥത്തിൽ സന്തുഷ്ടനാവണമെങ്കിൽ ഒരുവൻ ഭാഗധേയത്തിന്റെ ഭാഗ്യവിപര്യയങ്ങളിൽ നിന്നോ വേദനയോ സുഖാനുഭൂതിയോ സ്വാധീനിക്കുന്നതിൽനിന്നോ അവയോടു പ്രതിസ്പന്ദിക്കുന്ന അവസ്ഥയിൽ നിന്നോ സ്വതന്ത്രനാകണമെന്നർത്ഥം. നമുക്കു നിയന്ത്രിക്കുവാൻ കഴിയാത്തതോ അധികാരമില്ലാത്തതോ ആയ കാര്യങ്ങൾക്കു വിധേയമായിരുന്നുകൂടാ നമ്മുടെ സന്തുഷ്ടി. അതു ഒരു മനുഷ്യന്റെ സ്വത്വത്തിനും അവന്റെ ഇച്ഛാശക്തിക്കും പൂർണ്ണമായും വിധേയമായിരിക്കണം. അങ്ങനെയാവുമ്പോൾ കഷ്ടാനുഭവത്തിന് നമ്മുടെമേൽ യാതൊരു അധികാരവുമുണ്ടായിരിക്കുകയില്ല. അതാണു സ്വാതന്ത്ര്യം. അതാണു സന്തുഷ്ടി. സ്വയം ഭരണം (autonomy) സംബന്ധിച്ച അത്യന്താധുനികാശയത്തിന് അതു ഒരു പരിധിവരെ അടിസ്ഥാനം നല്കുന്നതായും തോന്നുന്നു. നിഷ്കാമകർമ്മത്തോടുകൂടിയ സമചിത്തതയാണ് ഇന്ത്യൻ വിജ്ഞാനത്തിന്റെ സാരാംശമെന്ന് ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന രാജീവ്ഗാന്ധി ഒരിക്കൽ പറയുകയുണ്ടായി "Unflappability is the better part of valor." ഇന്ത്യൻ വിജ്ഞാനത്തിന്റെ സാരാംശമാണെങ്കിലും അല്ലെങ്കിലും അത് ബുദ്ധിപൂർവമായി. പിന്നീട് അതിലേക്കു വരാം.



Civilization and its Discontents[1] എന്ന ഗ്രന്ഥത്തിൽ ഫ്രോയിഡ് കഷ്ടാനുഭവത്തെ മൂന്നിനമായി ലളിതവൽക്കരിക്കുന്നുണ്ട്. 1) പ്രകൃതിയുടെ മേൽത്തരം ശക്തിയാൽ ഉണ്ടാകുന്നവ. ഉദാ. വെള്ളപ്പൊക്കം, ഭൂകമ്പം, വരൾച്ച തുടങ്ങിയവ. 2) നമ്മുടെ ശരീരങ്ങളുടെ ചീയലും അന്തിമമായ മരണവും നിമിത്തമുണ്ടാകുന്നവ. ഉദാ. രോഗങ്ങൾ. 3) നമ്മുടെ സാമൂഹിക ബന്ധങ്ങളുടെയും സ്ഥാപനങ്ങളുടെയും പോരായ്മകൾ നിമിത്തമുണ്ടാകുന്നവ. ആദ്യം പറഞ്ഞതു രണ്ടും അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു. അവയിലധികപങ്കും തടയാൻ കഴിയുന്നവയാണെന്ന് നാം ഇക്കാലത്തു പറയാറുണ്ടെങ്കിലും മൂന്നാമത്തേതിന് അദ്ദേഹം പരിഹാരമായി നിർദ്ദേശിച്ചത് എല്ലാ പ്രശ്നങ്ങളുടെ നേർക്കും കൂടുതൽ യുക്തിപൂർവ്വവും മനോരോഗവിമുക്തവുമായ സമീപനമാണ്–അന്തിമമായി "മത"മെന്ന വ്യാമോഹത്തെ ഒഴിവാക്കലും. എന്റെ ദൃഷ്ടിയിൽ ഇത് അതീവ ലളിതവൽക്കരിച്ചതും ചപലവുമായ സമീപനമാണ്. അത് ചർച്ചപോലും അർഹിക്കുന്നില്ല.

സന്യാസത്തിലെന്നപോലെ നാം സ്വയം തെരഞ്ഞെടുക്കുന്ന കഷ്ടപ്പാടുകളുണ്ട്. മാതാപിതാക്കന്മാരുടെ സ്നേഹത്തിലും മറ്റുള്ളവർക്കുവേണ്ടി അനുഷ്ഠിക്കുന്ന വ്യക്തിപരത്യാഗത്തിലും ഇതുതന്നെ കാണാം. മറ്റു മനുഷ്യർ അടിച്ചേൽപ്പിക്കുന്ന കഷ്ടാനുഭവമാണു മറ്റൊരിനം. അബദ്ധംമൂലം സംഭവിക്കുന്നതോ സോദ്ദേശ്യം അടിച്ചേൽപ്പിക്കുന്നതോ അജ്ഞതമൂലമുണ്ടാകുന്നതോ ആകാം അത്. പൈതൃകമായി നാം ആർജ്ജിച്ചിട്ടുള്ള ഇന്നത്തെ നമ്മുടെ കായികവും സാമൂഹികവുമായ പരിതോവസ്ഥ സൃഷ്ടിക്കാൻ പൂർവതലമുറകൾ അനുഷ്ഠിച്ചിട്ടുള്ള കാര്യങ്ങൾ നിമിത്തം ഉണ്ടായിട്ടുള്ള കഷ്ടാനുഭവം മറ്റൊന്നാണ്. സ്നേഹവും കരുതലും ഇല്ലാതെപോയതിനാൽ, ആവശ്യത്തിനു ജീവിതവിഭവങ്ങൾ ലഭ്യമല്ലാതെ വന്നതിനാൽ, ഉളവായ കഷ്ടാനുഭവം വേറൊരിനം. മറ്റുള്ളവരുടെ കഷ്ടാനുഭവത്തോടുള്ള സഹാനുഭൂതി ഉണർത്തുന്ന കഷ്ടാനുഭവമാണു മറ്റൊരിനം. മടയത്തരവും വിവേകരാഹിത്യവും മൂലം സ്വയം വരുത്തിവയ്ക്കുന്ന കഷ്ടാനുഭവം വേറെ ഒരു ഗണമാണ്. പ്രകൃതിസഹജവും അല്ലാത്തതുമായ അപകടങ്ങൾ മൂലം കഷ്ടാനുഭവമുണ്ടാകാറുണ്ട്. ഒരാളുടെ ജീവിതത്തിലെ പദവിയോ തൊഴിലോ നിമിത്തം ഉണ്ടാകുന്ന കഷ്ടാനുഭവങ്ങളും, ആധുനിക ജീവിതത്തിലെ അസ്വസ്ഥതകളും ഞെരുക്കങ്ങളും അതിപ്രയത്നങ്ങളും ഹേതുവായുണ്ടാകുന്ന കഷ്ടാനുഭവവുമുണ്ട്. ആശങ്കകളും വിരസതയും വിട്ടുമാറാത്ത കുറ്റബോധവും ഉണർത്തുന്ന കഷ്ടാനുഭവങ്ങളാണു മറ്റൊരിനം. അനീതിയുടെ ഘടനകൾ അടിച്ചേൽപ്പിക്കുന്നവയാണു ഇനിയുമൊരിനം. കഷ്ടതകൾ ഇങ്ങനെ അനേകം വിധം.

വ്യക്തിഗതമായ കഷ്ടാനുഭവത്തിന്റെ കാരണം തേടിപ്പോകേണ്ടതില്ലെന്നും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

അനർഹമായ കഷ്ടാനുഭവത്തിന്റെ പ്രശ്നങ്ങൾ ദാർശനികമായി പരിഹരിക്കാൻ നോക്കേണ്ടതില്ലെന്നുമാണ് ക്രിസ്തീയ പാരമ്പര്യം എന്നെ പഠിപ്പിച്ചിട്ടുള്ളത്. സ്വയംശിക്ഷണവും സഹാനുഭൂതിയും പരിശീലിക്കാൻ എന്റെ മാർഗ്ഗത്തിൽ വരുന്ന കഷ്ടാനുഭവത്തെ ഉപയോഗിക്കുകയാണ് എന്റെ കർത്തവ്യം. എന്തുകൊണ്ടാണ് നമ്മൾ കഷ്ടമനുഭവിക്കേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ. എന്നാൽ കഷ്ടാനുഭവമില്ലാത്തിടത്തു സ്വഭാവവികസനം നടക്കുന്നില്ലെന്ന് എനിക്കറിയാം. മറ്റുള്ളവരുടെ കഷ്ടതകളിൽ നാം പ്രവേശിക്കുന്നതുകൊണ്ടും നമ്മുടെ കഷ്ടതകളിൽ മറ്റുള്ളവരെ പങ്കെടുപ്പിക്കുന്നതുകൊണ്ടും ഒരുപരിധിവരെ സഹാനുഭൂതി പഠിക്കാനും പഠിപ്പിക്കാനും നമുക്കു കഴിയുമെന്ന് ഞാൻ മനസ്സിലാക്കിയിട്ടുണ്ട്. കഷ്ടാനുഭവമാണു സ്നേഹത്തിന്റെ മാർഗ്ഗമെന്നു തോന്നുന്നു-ഇഹത്തിലെങ്കിലും.

കഷ്ടാനുഭവം സ്വതവേ വാതിൽ തുറക്കുന്നില്ല. താക്കോൽ തിരിക്കണം. സ്നേഹത്താൽ കഷ്ടാനുഭവത്തെ രൂപാന്തരപ്പെടുത്തണം. അതിനെ വിഷമാക്കാനാണ് വിദ്വേഷവും നിരാശയും ഉദ്യമിക്കുക. കഷ്ടതകൾ നിറഞ്ഞ എന്റെ കൗമാരത്തിൽ കടുത്ത നിരാശയോടു ഞാൻ അടുത്തെത്തിയെങ്കിലും ഞാൻ പൂർണ്ണമായി വഴങ്ങിക്കൊടുത്തില്ല എന്നതിൽ ദൈവത്തോടു നന്ദിയുള്ളവനാണ്. പ്രത്യാശയിൽ തൂങ്ങിക്കിടക്കുവാൻ അല്പമായ എന്റെ വിശ്വാസം ഉതകി.


ഈ ലോകത്തിലെ ജീവിതത്തിന്റെ നിഗൂഢതയിലേയ്ക്കുള്ള താക്കോൽ കഷ്ടാനുഭവമാണ്. അതുകൊണ്ടാണ് എല്ലാ കഷ്ടാനുഭവങ്ങളിൽ നിന്നും സ്വതന്ത്രനാണെന്നു നാം കരുതുന്ന ദൈവം സ്വയമായി ഭൂമിയിലവതരിച്ച് സ്വയം അതിന്റെ ഭാഗമായിത്തീരാൻ തീരുമാനിച്ചത്. അവിടെയാണ് അത്യുൽകൃഷ്ടമായ, അതിശ്രേഷ്ഠമായ രഹസ്യം (mystery). ഇന്നു ദൈവം ക്രിസ്തുവിൽ, നമ്മിൽ കഷ്ടമനുഭവിച്ചുകൊണ്ടിരിക്കുന്നു.

3


ഇന്ത്യയിൽ നിന്ന് എത്യോപ്യയിലേയ്ക്ക്
ദൈവത്തിന്റെ നിർണയാതീത വഴികൾ

രണ്ട് നായകന്മാർ

കൗമാരപ്രായത്തിൽ എനിക്ക് രണ്ട് ലോകനേതാക്കളോട് വലിയ ആദരഭാവം തോന്നിയിരുന്നു. ഉദ്ധതമായ അധികാരത്തെ ദൃഢമനസ്ക്കരായി ചെറുത്തുനിന്നുവെന്നതാണ് ആ രണ്ടു പേരിലും പൊതുവായി കാണാവുന്ന സവിശേഷത. അവരുടെ എതിർപ്പിനു വിധേയമായ ഫാസിസ്റ്റ് അധികാരം മൂർത്തീകരിച്ചവരാണ് ബനീത്തോ മുസ്സോളിനിയും അഡോൾഫ് ഹിറ്റ്ലറും. അവരെ ചെറുത്തുനിന്ന ധീരപുരുഷരാണ് എത്യോപ്യയിലെ ഹെയ്‌ലി സെലാസി ചക്രവർത്തിയും ജർമ്മനിയിലെ പാസ്റ്റർ മാർട്ടിൻ നീ മുള്ളറും. പത്രപ്രവർത്തകനായിരിക്കുമ്പോൾ ഞാൻ രണ്ടുപേരേക്കുറിച്ചും ലേഖനങ്ങൾ എഴുതിയിരുന്നു. വിചിത്രമായ നിയോഗമായിരിക്കാം, പിൽക്കാലത്ത് അവരിരുവരെയും അടുത്തറിയുന്നതിന് എനിക്കിടയായി.



വിൻസ്റ്റൺ ചർച്ചിലും ഹിറ്റ്ലറെ ചെറുത്തുനിന്ന നേതാവാണ്. പക്ഷേ അദ്ദേഹം എന്റെ ആദരവിനെ അത്ര കണ്ടു പിടിച്ചുപറ്റിയില്ല. ബ്രിട്ടീഷ് പ്രധാനമന്ത്രി, ചെറുപ്പക്കാരനായ എന്റെ ദൃഷ്ടിയിൽ, പൗരുഷവും തന്റേടവുമുള്ള വ്യക്തിയായിരുന്നു. അതധികവും ജാടയും പ്രഭാഷണകസർത്തുമായി എനിക്ക് തോന്നി. നീതിക്കും സമത്വത്തിനും വേണ്ടിയുള്ള ഉൽക്കണ്ഠ കുറവായിരുന്നു. സൂര്യൻ അസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ലിക്വിഡേഷന് അദ്ധ്യക്ഷത വഹിക്കാനല്ല ഞാൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയായതെന്ന് അദ്ദേഹം ഒരിക്കൽ പ്രഖ്യാപനം ചെയ്യുകയുണ്ടായല്ലോ. എന്റെ ജനങ്ങൾ സാമ്രാജ്യത്വത്തിന്റെ നുകത്തിൽനിന്നു മോചനംപ്രാപിക്കത്തക്കവിധം ആ



കൗമാരപ്രായത്തിൽ എനിക്ക് രണ്ട് ലോകനേതാക്കളോട് വലിയ ആദരഭാവം തോന്നിയിരുന്നു. ഉദ്ധതമായ അധികാരത്തെ ദൃഢമനസ്ക്കരായി ചെറുത്തുനിന്നുവെന്നതാണ് ആ രണ്ടു പേരിലും പൊതുവായി കാണാവുന്ന സവിശേഷത. അവരുടെ എതിർപ്പിനു വിധേയമായ ഫാസിസ്റ്റ് അധികാരം മൂർത്തീകരിച്ചവരാണ് ബനീത്തോ മുസ്സോളിനിയും അഡോൾഫ് ഹിറ്റ്ലറും. അവരെ ചെറുത്തുനിന്ന ധീരപുരുഷരാണ് എത്യോപ്യയിലെ ഹെയ്‌ലി സെലാസി ചക്രവർത്തിയും ജർമ്മനിയിലെ പാസ്റ്റർ മാർട്ടിൻ നീമുള്ളറും. പത്രപ്രവർത്തകനായിരിക്കുമ്പോൾ ഞാൻ രണ്ടുപേരേക്കുറിച്ചും ലേഖനങ്ങൾ എഴുതിയിരുന്നു. വിചിത്രമായ നിയോഗമായിരിക്കാം, പിൽക്കാലത്ത് അവരിരുവരെയും അടുത്തറിയുന്നതിന് എനിക്കിടയായി.

സാമ്രാജ്യം ലിക്വിഡേറ്റു ചെയ്തുകാണാൻ തീവ്രമായി ആഗ്രഹിച്ച ലക്ഷങ്ങളിൽ ഒരുവനായിരുന്നു ഞാൻ.

നീമുള്ളറുമായുള്ള ബന്ധത്തെക്കുറിച്ച് പിന്നീട് വിവരിക്കാം. ഹെയ്‌ലി സെലാസിയുമായുള്ള ബന്ധത്തെപ്പറ്റി ഇവിടെ പറയാം. അതിലേയ്ക്ക് നയിച്ച ഏതാനും സംഭവങ്ങളെ ആദ്യമായി അനുസ്മരിക്കട്ടെ. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ച 1947-ൽ തന്നെയാണ് അതിന്റെയും ആരംഭം.

വീട്ടിൽനിന്നകലെ

1940-ൽ എനിക്ക് പതിനെട്ടു വയസ്സുള്ളപ്പോൾ കനിവുള്ള ഒരു വ്യക്തി എനിക്കൊരു ജോലിതന്നു. ഞാനത് സ്വീകരിച്ചു. വീട്ടിലെ ദുരിതത്തിൽ നിന്നു പുറത്തുകടക്കുകയായിരുന്നു മുഖ്യലക്ഷ്യം. ഏതാണ്ട് പന്ത്രണ്ട് കിലോമീറ്റർ അകലെ കൊച്ചിയിലെ മട്ടാഞ്ചേരിയിലായിരുന്നു ജോലി. കൊച്ചിൻ ട്രാൻസ്പോർട്ട് കമ്പനി എന്നൊരു ചെറിയ കമ്പനിയിൽ ക്ലാർക്ക് ഉദ്യോഗം. മാനേജിംഗ് ഡയറക്ടർക്കും എനിക്കും പുറമെ വേറെ രണ്ടുപേർ കൂടിയേ ജോലിക്കാരായി ഉണ്ടായിരുന്നുള്ളു. ശമ്പളം പ്രതിമാസം 15 രൂപ. എനിക്ക് ഓഫീസിൽതന്നെ കിടന്നുറങ്ങാം. ഭക്ഷണം അടുത്തുള്ള ഹോട്ടലിൽ. ദിവസേന രണ്ട് ഊണിന് ഒരു മാസം ആറു രൂപ അന്ന് മതിയാവും. ഓഫീസിൽ എല്ലാവരും സുറിയാനി ക്രിസ്ത്യാനികളാണ്. മനസ്സിനിണങ്ങിയ അന്തരീക്ഷം. പക്ഷേ അയൽപക്കത്തെ രണ്ടുപേർ അതിനൊരപവാദമായി. ഒരാൾ യുവാവായ ബാലകൃഷ്ണപിള്ള. തൊട്ടടുത്തുള്ള ഓഫീസിലാണ് അയാളുടെ ജോലിയും താമസവും. എന്നേക്കാൾ രണ്ട് വയസ്സ് പ്രായക്കൂടുതൽ കാണും. യൗവനപ്രായം ആസ്വദിക്കുവാനുള്ളതാണെന്നാണ് പിള്ളയുടെ കാഴ്ചപ്പാട്. മദ്യവും സ്ത്രീയും വിലക്കപ്പെട്ട വിനോദോപാധികളാണെന്നുള്ള എന്റെ നാടൻ അഭിപ്രായം അയാൾക്കു മനസ്സിലാക്കാനായില്ല. ഇവ രണ്ടും അന്ന് നഗരത്തിൽ സുലഭം. പകുതി മര്യാദയ്ക്കുവേണ്ടിയും പകുതി ജിജ്ഞാസകൊണ്ടുമായിരിക്കണം, ഒരു രാത്രി നഗരത്തിലെ ഇരുൾമൂടിയ, മലിനമായ, ചില ഭാഗങ്ങളിലേക്ക് അയാളോടൊപ്പം ഞാൻ പോവുകയുണ്ടായി. അതോടെ മതിയായി. വേദനാജനകമായ ചില ഓർമ്മകൾ അത് അവശേഷിപ്പിച്ചു. ഭാവിയിലൊരിക്കലും ഇത്തരം സുഖാസ്വാദനപര്യടനങ്ങൾക്ക് ഇറങ്ങിത്തിരിക്കുന്നതിൽ നിന്ന് അതെന്നെ വിലക്കി.

പണത്തിനു വേണ്ടി ജീവിക്കുന്ന മനുഷ്യൻ

മറ്റെയാൾ ഒരു 'സാട്ടാ' കച്ചവടക്കാരനായിരുന്നു. അതേ കെട്ടിടത്തിൽ മറ്റൊരു ഓഫീസിൽ. ടെലിഫോൺ മുഖേന ഓഹരികൾ വിൽക്കലും വാങ്ങലുമാണ് ജോലി. അയാൾ ധനികനാണെന്നാണ് ശ്രുതി. പക്ഷേ ഒരു മുറിയിലാണ് അയാളുടെ ജോലിയും താമസവുമെല്ലാം. ഒരു കസേര, ചെറിയ ഒരു കട്ടിൽ, ഒരു ടെലിഫോൺ, പണവും പ്രമാണങ്ങളും സൂക്ഷിക്കാൻ ഒരു വലിയ സേഫ് – തീർന്നു അവിടത്തെ ഉപകരണങ്ങൾ. പ്രഭാതം മുതൽ രാത്രിവരെ അയാൾ സദാ ടെലിഫോണിന്റെ അരികിലാണ്. അതുകൊണ്ട് അയാളെ അടുത്തറിയാൻ ഇടയായില്ല. സ്റ്റോക്കിനെപ്പറ്റിയും ഷെയറിനെപ്പറ്റിയും പണത്തെപ്പറ്റിയും മാത്രമേ അയാൾക്ക് ചിന്തയുള്ളു, സംസാരിക്കാനും കഴിയൂ. അയാൾക്ക് കുടുംബമില്ലെന്നു തോന്നി. സാമൂഹ്യജീവിതമില്ല, സുഹൃത്തുക്കളില്ല, പണത്തിനുവേണ്ടിയാണ് അയാൾ ജീവിച്ചത്.

ഒരു പ്രഭാതത്തിൽ ആ വാർത്തകേട്ടു ഞങ്ങൾ ഞെട്ടി. അയാൾ രാത്രിയിൽ മരിച്ചുപോയി! ഹൃദ്രോഗമായിരുന്നു. അയാൾ കിടക്കയിൽ നിന്ന് എണീറ്റ്, സേഫിന്റെ അടുക്കലെത്തി സേഫിന്റെ പിടിയിൽ കൈവച്ചപ്പോഴാണ് കുഴഞ്ഞു വീണത്. ആ രംഗം എന്നെ ചിന്താധീനനാക്കി. ഓഫീസിൽ ഞങ്ങൾ അക്കാര്യത്തെപ്പറ്റി ദീർഘമായി സംസാരിച്ചു. പക്ഷേ തനിച്ചിരുന്നപ്പോൾ ആ സംഭവത്തിന്റെ അർത്ഥത്തെപ്പറ്റി ഞാൻ ചിന്തിക്കാൻ തുടങ്ങി. ഇത്തരത്തിലുള്ള ചെറിയ സംഭവങ്ങൾ നമ്മുടെ ജീവിതവീക്ഷണത്തെ ഗണ്യമായി സ്വാധീനിക്കുന്നതായി എനിക്കു തോന്നി. ബോധപൂർവ്വമായ പര്യാലോചനകളിലൂടെയോ യുക്തിപൂർവ്വമായ തീരുമാനമെടുക്കലിലൂടെയോ അല്ലായിരിക്കാം; ധാരണകൾ മനസ്സിൽ പതിയാൻ വ്യഗ്രതകാട്ടുന്ന ആ പ്രായത്തിൽ ലഭിക്കുന്ന ഉൾക്കാഴ്ചകൾ ദീർഘകാലം ഉപബോധമനസ്സിൽ ഒളിഞ്ഞുകിടക്കുന്നതിന്റെ ഫലമായിട്ടാവാം അത്.


മത്സരപരീക്ഷയിൽ പങ്കെടുക്കുന്നു

രണ്ടുവർഷത്തോളം ഞാൻ കൊച്ചിൻ ട്രാൻസ്പോർട്ട് കമ്പനിയിൽ ജോലി നോക്കി. അതിനിടയ്ക്ക് 1941-ൽ ഒരു മത്സരപരീക്ഷയിൽ ഞാൻ പങ്കെടുത്തു. ഇന്ത്യൻ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ട്മെന്റിൽ ക്ലാർക്കുമാരെ റിക്രൂട്ടു ചെയ്യുന്നതിനുള്ളതായിരുന്നു പരീക്ഷ. പന്ത്രണ്ട് ഒഴിവുകളിലേക്കായി മുന്നൂറോളം പേർ പരീക്ഷയെഴുതി. 80 ശതമാനം പേരും ബിരുദധാരികളാണെന്നു ഞാനറിഞ്ഞു. എനിക്കാകട്ടെ ഹൈസ്കൂൾ വിദ്യാഭ്യാസമേയുള്ളു താനും.

സെലക്ഷൻ കിട്ടുമെന്ന് എനിക്ക് ആശ ഉണ്ടായിരുന്നില്ല. ഏതാണ്ടൊരു അനായാസഭാവത്തോടെയാണ് ഞാൻ പരീക്ഷ എഴുതിയതുതന്നെ. ഏഴു 'പഗോഡ'കളെപ്പറ്റി കുറിപ്പെഴുതുവാനായിരുന്നു ഒരു ചോദ്യം. എത്ര ആലോചിച്ചിട്ടും എനിക്കൊന്നും ഓർമ്മവന്നില്ല. എന്നിട്ടും ഞാൻ ഇങ്ങനെ തട്ടിവിട്ടു: "ഏഴു പഗോഡകൾ അമേരിക്കയിലോ യൂറോപ്പിലോ ആസ്ട്രേലിയയിലോ ആയിരിക്കാനിടയില്ല. ആഫ്രിക്കയിലാണെന്നും തോന്നുന്നില്ല. ആ സ്ഥിതിക്ക് അവ ഏഷ്യയിലായിരിക്കണം."

അതുപോലെതന്നെ അറ്റ്ലാന്റിക് ചാർട്ടറിനെപ്പറ്റിയും കുറിപ്പെഴുതുവാൻ ചോദിച്ചിരുന്നു (പരീക്ഷയ്ക്ക് ഏതാനും മാസംമുമ്പാണ് റൂസ്വെൽറ്റും ചർച്ചിലും ചേർന്ന് ചാർട്ടറിന് ഒപ്പുവച്ചത്). ഞാൻ കുറച്ചൊരു ധിക്കാരഭാവത്തിൽ എഴുതി: "അറ്റ്ലാന്റിക് ചാർട്ടർ, അതെവിടെ ഉയർന്നു വന്നുവോ (അറ്റ്ലാന്റിക് സമുദ്രമദ്ധ്യേ) അവിടെത്തന്നെ ചവിട്ടിത്താഴ്ത്തണം."

അറ്റ്ലാന്റിക് ചാർട്ടറിനെപ്പറ്റിയോ അതിന്റെ ഉദ്ദേശ്യങ്ങളെപ്പറ്റിയോ നല്ല ധാരണ അന്നെനിക്കുണ്ടായിരുന്നുവെന്ന് പറഞ്ഞുകൂടാ. ഞാൻ എഴുതിയത് ഉൾക്കാഴ്ചയേക്കാളധികമായി സഹജാവബോധത്തെയാണ് പ്രകടമാക്കുക. ഇന്നെനിക്കറിയാം, ഐക്യകക്ഷികൾ യുദ്ധത്തിൽ തോല്ക്കുമെന്ന നിലവന്നപ്പോൾ അമേരിക്കയെ യുദ്ധയത്നത്തിലേക്ക് ആകർഷിയ്ക്കാൻ ചർച്ചിൽ അവലംബിച്ച ഒരു ഒത്തുതീർപ്പാണതെന്ന്. റൂസ്വെൽറ്റ് തെന്നിമാറാൻ ശ്രമിച്ചു. ജർമ്മൻകാർക്കും ജപ്പാൻകാർക്കും എതിരായി സ്വന്തം സാമ്രാജ്യങ്ങളെ രക്ഷിക്കാനാണ് ബ്രിട്ടനും ഫ്രാൻസും യുദ്ധം ചെയ്യുന്നതെന്നായിരുന്നു റൂസ്വെൽറ്റിന്റെ ചിന്ത. 1941-ലെ പേൾ ഹാർബർ സംഭവം വരെ റൂസ്വെൽറ്റ് ഓർത്തത് യുദ്ധത്തിൽ നേരിട്ടിടപെടാതെ ഐക്യകക്ഷികൾക്ക് ആയുധമുണ്ടാക്കി വിറ്റ് ലാഭം കൊയ്തുകൊണ്ടിരിക്കുകയാണ് അമേരിക്കയുടെ സാമ്പത്തിക നേട്ടത്തിന് ഉത്തമമെന്നാണ്. അമേരിക്കയുടെ ആയുധനിർമ്മാണ വ്യവസായം അഭൂതപൂർവമായി വികസിച്ചു. അമേരിക്കൻ സമ്പദ്വ്യവസ്ഥ കുതിച്ചുകയറി.



1941 ആഗസ്റ്റ് 14-ാം തീയതി ബ്രിട്ടനും അമേരിക്കയും അറ്റ്ലാന്റിക് ചാർട്ടറിൽ ഒപ്പിട്ടു. സ്വന്തം ഗവൺമെന്റിനെ തിരഞ്ഞെടുക്കാൻ ജനങ്ങൾക്കുള്ള അവകാശം സംബന്ധിച്ച വകുപ്പുകളും മറ്റും റൂസ്വെൽറ്റിന്റെ പ്രേരണയ്ക്കു വിധേയനായി ചർച്ചിൽ സമ്മതിച്ചുകൊടുക്കേണ്ടി വന്നു. ഇന്ത്യയിൽ, മഹാത്മാഗാന്ധി യുദ്ധത്തെ എതിർത്തു-തത്വത്തിൽ അത് തെറ്റാണെന്നുള്ള ന്യായത്തിൽ. ബ്രിട്ടീഷ് യജമാനന്മാർ ഗാന്ധിജിയെ അറസ്റ്റു ചെയ്തു. ബ്രിട്ടൻ ദുർബലമാകുംതോറും ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുള്ള അവസരം വർദ്ധിക്കുമെന്നായിരുന്നു നമ്മുടെ ചിന്ത. അമേരിക്ക ബ്രിട്ടീഷുകാരോടു കൂടെ ചേർന്നതിനാൽ നമ്മുടെ സ്വാതന്ത്ര്യപ്രാപ്തി വീണ്ടും അകലുകയാണെന്നു നാം കണക്കാക്കി. മാത്രമല്ല, അറ്റ്ലാന്റിക് ചാർട്ടറിലെ വാചകക്കസർത്ത്, സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും ന്യായീകരിക്കുന്നതിന്റെ പേരിൽ വുഡ്രു വിൽസൺ ഒന്നാം ലോകമഹായുദ്ധ പ്രത്യയശാസ്ത്രത്തെ പിന്തുണച്ച അതേ വാക്യങ്ങളുടെ പുനരുത്ഥാനം മാത്രമായിരുന്നു. എല്ലാ ജനതകൾക്കും സ്വയം നിർണയാവകാശം; നല്ലത് – പക്ഷേ ബ്രിട്ടീഷ് കോളനികൾക്കില്ല. അക്കാലത്ത് ആ കാപട്യത്തിന്റെ ഒരു ഭാഗം മാത്രമേ ഞാൻ മനസ്സിലാക്കിയുള്ളു.

പോസ്റ്റൽ ജീവനക്കാരൻ

ഏതായാലും എന്റെ ഔദ്ധത്യമൊക്കെയുണ്ടായിട്ടും ഞാൻ മത്സരപ്പരീക്ഷയിൽ വിജയിയായി. കൊളോണിയൽ ഗവൺമെന്റിന്റെ പോസ്റ്റ് ആന്റ് ടെലിഗ്രാഫ് ഡിപ്പാർട്ടുമെന്റിൽ ഞാൻ ജോലിക്കു കയറി. എന്റെ ശമ്പളം പെട്ടെന്ന് 15 രൂപയിൽ നിന്ന് 39 രൂപയായി ഉയർന്നു-പ്രതിമാസം. കൊച്ചിയിലെ ഹെഡ് പോസ്റ്റോഫീസിൽ കുറച്ചു കാലം ജോലി ചെയ്ത ശേഷം ഞാൻ മദ്രാസിൽ മോഴ്സ് ടെലിഗ്രാഫിക് സിഗ്നലിങ്ങിൽ പരിശീലനത്തിനു നിയോഗിതനായി. മദ്രാസിലെ കോടമ്പാക്കത്തായിരുന്നു ഞങ്ങളുടെ പരിശീലനകേന്ദ്രം. അടുത്തൊരു ലോഡ്ജിൽ മറ്റു പരിശീലിതരോടൊപ്പം ഞാൻ താമസിച്ചു. തമിഴ്, തെലുങ്ക്, കന്നഡ എന്നീ നാടുകളിലെ യുവാക്കളുമായി എന്റെ ആദ്യസമ്പർക്കം. എല്ലാവരും സമർത്ഥരായ യുവാക്കൾ; നല്ല സുഹൃത്തുക്കളായി ഞങ്ങൾ.

ടെലിഗ്രാഫി പഠിക്കുന്നതിനു പുറമെ സ്വന്തമായി ഞാൻ കുറെ പഠനങ്ങളിലേർപ്പെട്ടു. തമിഴ് എഴുതാനും വായിക്കാനും ഞാൻ പഠിച്ചു – ചില തമിഴ് സുഹൃത്തുക്കളുടെ സഹായത്തോടെ. തമിഴും മലയാളവും ദ്രാവിഡ കുടുംബത്തിൽപെട്ട സഹോദരഭാഷകളാണ് – മലയാളത്തിൽ സംസ്കൃതത്തിന്റെ സ്വാധീനം കുറച്ചു കൂടുതലുണ്ടെന്നു മാത്രം.

തമിഴരുടെ ചില രീതികൾ എന്നിൽ താല്പര്യമുണർത്തി. തമിഴ് ഭക്ഷണരീതി ഞാൻ പ്രയാസം കൂടാതെ സ്വായത്തമാക്കി. വീട്ടിൽ ഞാൻ ഭക്ഷണത്തിൽ പ്രത്യേകിച്ചു ഇഷ്ടാനിഷ്ടങ്ങൾ വളർത്തിയിട്ടില്ലായിരുന്നുവെന്നത് ഉപകാരമായി. പാൽക്കാരൻ പശുവിനെ നമ്മുടെ വീട്ടിൽ കൊണ്ടുവന്ന് നമ്മുടെ പാത്രത്തിലേക്കു പാൽ കറന്നു വീഴ്ത്തിത്തരുമെന്നത് ആഹ്ലാദകരമായിരുന്നു. സ്വാഭാവികമായ ചൂടോടുകൂടി പാൽ കുടിക്കാൻ അത് അവസരം നല്കി. കൊച്ചിയേക്കാൾ വളരെവലിയ പട്ടണമായിരുന്നു മദ്രാസ്. പക്ഷേ സുഹൃത്തുക്കളോടൊന്നിച്ചു കുറച്ചു സ്ഥലങ്ങൾ കണ്ടു എന്നതൊഴിച്ചാൽ സാഹസികോദ്യമങ്ങൾക്കൊന്നും ഞാൻ ഒരുമ്പെട്ടില്ല.

(തുടരും)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

വി. ഗ്രന്ഥത്തിലൂടെ ഒരു തീർത്ഥാടനം



ഫീലിപ്പോസ് റമ്പാൻ
(ജ്യോതിസ് ആശ്രമം രാജസ്ഥാൻ)

A. പഴയനിയമം

ഏകദേശം ആയിരത്തി അഞ്ഞൂറിൽപരം വർഷങ്ങൾക്കിടയിൽ വിവിധ സ്ഥലങ്ങളിലും, കാലങ്ങളിലും ജീവിച്ചിരുന്ന വിവിധ വ്യക്തികളുടെ രചനകളാണ് പഴയനിയമത്തിലെ പുസ്തകങ്ങളുടെ ഉള്ളടക്കം. ഇതിൽ യിസ്രായേൽ ജനതയുടെ പൂർവ്വകാലം മുതൽ ഉള്ള ചരിത്രം ദർശിക്കുവാൻ കഴിയും. ഇവ ദൈവാത്മാവിന്റെ പ്രചോദനത്താലും നിരന്തര സഹായത്താലും രചിക്കപ്പെട്ട പുസ്തകമാണ്. ഇവ എഴുതുവാൻ ദൈവം ചില വ്യക്തികളെ തിരഞ്ഞെടുത്ത് അവർക്ക് പ്രചോദനം നൽകി. പ്രവാചകന്മാർ, രാജാക്കന്മാർ തുടങ്ങി വിവിധ നിലയിലുള്ള വ്യക്തികൾ ഉൾപ്പെടുന്ന ഒരു കൂട്ടം എഴുത്തുകാരുടെ കൃതികൾ ഇതിൽ കാണാം. ഇവർ ജീവിച്ചിരുന്ന കാലഘട്ടത്തിലെ സാമൂഹ്യവും, സാംസ്കാരികവും, മതപരമായ ചിന്തകളും പ്രത്യേകതകളും ഈ എഴുത്തുകാരെ സ്വാധീനിച്ചിട്ടുണ്ട്. പഴയനിയമം എന്ന പേര് ക്രിസ്ത്യാനികൾ നൽകിയതാണ്. ഇതിനെ തോറ (ന്യായപ്രമാണം), നെബിം (പ്രവാചകന്മാർ), കെതൂബീം (ലിഖിതങ്ങൾ) എന്നിങ്ങനെ മൂന്നായി വിഭജിക്കുകയും അവയുടെ ആദ്യഅക്ഷരങ്ങൾ ചേർത്ത് 'തനാക്ക്' എന്ന ചുരുക്കപ്പേര് പഴയനിയമത്തിന് ഉപയോഗിക്കുകയും ചെയ്യുന്നു. പഴയനിയമം ആദ്യമായി എഴുതപ്പെട്ടത് എബ്രായ ഭാഷയിലാണ്. എബ്രായ വേദപുസ്തകത്തിലെ ക്രമം നാം ഇന്ന് ഉപയോഗിക്കുന്ന ക്രമത്തിൽ നിന്നും വ്യത്യാസമുള്ളതാണ്. എന്നാൽ പുസ്തകങ്ങളുടെ ഉള്ളടക്കത്തിൽ വ്യത്യാസമില്ല.

പഴയനിയമത്തിലെ പുസ്തകങ്ങൾ എല്ലാം എപ്പോൾ എങ്ങനെ സമാഹരിച്ചു എന്നു കൃത്യമായി പറയുവാൻ സാധിക്കുകയില്ല. എന്നാൽ പഴയനിയമ പുസ്തകങ്ങൾ ലിഖിതരൂപം വരുന്നതിന് മുമ്പ് ദീർഘനാളത്തെ വാമൊഴി പാരമ്പര്യം നിലനിന്നിരുന്നു. യിസ്രായേൽക്കാരുടെ ആരാധന കേന്ദ്രീകരിച്ച് എഴുതപ്പെട്ട കൃതിയാണ് സങ്കീർത്തനങ്ങൾ. ഉദാഹരണത്തിന്, ഇസ്രായേൽ മക്കൾ യരുശലേം ദേവാലയത്തിലേക്ക് പെരുന്നാളുകൾക്ക് പോകുമ്പോൾ യാത്രയിൽ ഉപയോഗിച്ചിരുന്ന കീർത്തനങ്ങൾ ആണ് ആരോഹണഗീതങ്ങൾ (സങ്കീർത്തനങ്ങൾ 120 മുതൽ 134) ബാബേൽ പ്രവാസകാലത്ത് ബാബേൽ നദിയുടെ തീരത്ത് ഇരുന്ന് സീയോനെ ഓർത്ത് പാടുന്ന ഗീതമാണ് 137-ാം സങ്കീർത്തനം ഇങ്ങനെ ഇസ്രായേൽ മക്കളുടെ അനുദിന ജീവിതവുമായി ബന്ധപ്പെട്ടുകിടക്കുന്ന അനേക ഗീതങ്ങൾ സങ്കീർത്തനത്തിൽ കാണാൻ സാധിക്കും. ഇങ്ങനെയുള്ള കൈയെഴുത്ത് കൃതികളെല്ലാം കൂട്ടിചേർത്ത് അവയ്ക്ക് അംഗീകാരം നൽകിയത് ബാബിലോണിലെ പ്രവാസനത്തിനു ശേഷമാണ്. ആദ്യത്തെ അഞ്ചു പുസ്തകങ്ങളടങ്ങിയ പഞ്ചഗ്രന്ഥത്തിന് കൂടുതൽ പ്രചാരം ലഭിച്ചത് ബി. സി. നാലാം നൂറ്റാണ്ടിനോടടുപ്പിച്ചാണ്. ബി. സി. 200 ആയപ്പോഴേക്കും പ്രവാചകഗ്രന്ഥങ്ങൾ സമാഹരിക്കപ്പെടുകയും അവയ്ക്ക് വിശ്വാസസമൂഹത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു.

എബ്രായ വേദപുസ്തകത്തിലെ ക്രമം

1. തോറ (ന്യായപ്രമാണം)

ഉൽപ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യാ, ആവർത്തനം

2. നെബീം (പ്രവാചക പുസ്തകങ്ങൾ)

(a) ആദിമ പ്രവാചകന്മാർ:- യോശുവാ, ന്യായാധിപന്മാർ, ശമുവേൽ, 2 ശമുവേൽ, 1 രാജാക്കന്മാർ, 2 രാജാക്കന്മാർ.

(b) പിൽക്കാല പ്രവാചകന്മാർ:- യെശയ്യാ, യിരമ്യാ, യെഹെസ്ക്കേൽ എന്നീ വലിയ പ്രവാചകന്മാരും ഹോശയ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖി ഉൾപ്പെടുന്ന 12 ചെറിയ പ്രവാചകന്മാരും പിൽക്കാല പ്രവാചക ഗണത്തിൽ ഉൾപ്പെടുന്നു.

3) കെതൂബീം (ലിഖിതങ്ങൾ)

സങ്കീർത്തനങ്ങൾ, ഇയ്യോബ്, സദൃശ്യവാക്യങ്ങൾ, രൂത്ത്, ഉത്തമഗീതം, സഭാപ്രസംഗി, വിലാപങ്ങൾ, എസ്ഥേർ, ദാനിയേൽ, എസ്രാ, നെഹെമ്യാവ്, 1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം.

യിസ്രായേൽ സമൂഹത്തിന്റെ പുനർനിർമ്മാണത്തിന്റെ ആഹ്വാനമാണ് എബ്രായ പുസ്തകത്തിന്റെ അന്ത്യത്തിൽ നാം കാണുന്നത്. "സ്വർഗ്ഗത്തിലെ ദൈവമായ യഹോവ ഭൂമിയിലെ സകല രാജ്യങ്ങളെയും എനിക്കു തന്നിരിക്കുന്നു. യഹൂദയിലെ യരുശലേമിൽ അവനു ഒരു ആലയം പണിയുവാൻ അവൻ എന്നോടു കല്പിച്ചിരിക്കുന്നു. നിങ്ങളിൽ അവന്റെ ജനമായിട്ട് ആരെങ്കിലും ഉണ്ടെങ്കിൽ അവന്റെ ദൈവമായ യഹോവ അവനോടു കൂടെ ഇരിക്കട്ടെ (2 ദിന. 36:23).

പഴയനിയമത്തിലെ മിക്കഭാഗങ്ങളും എബ്രായ ഭാഷയിലും ചില ഭാഗങ്ങൾ മാത്രം അരാമ്യഭാഷയിലുമാണ് എഴുതപ്പെട്ടത്. എബ്രായ ഭാഷയിൽ ഉണ്ടായിരുന്ന പഴയനിയമം പിന്നീട് ഗ്രീക്ക് ഭാഷയിലേക്ക് വിവർത്തനം ചെയ്തു. പഴയനിയമത്തിന്റെ ആ ഗ്രീക്ക് പരിഭാഷക്ക് പറയുന്നത് സെപ്റ്റാജിന്റ് (Septuagint) എന്നാണ്. പന്ത്രണ്ട് യഹൂദാ ഗോത്രത്തിൽ നിന്നുള്ള 70 യഹൂദാ പണ്ഡിതർ ചേർന്ന് വിവർത്തനം ചെയ്തതിനാൽ ഇതിനെ സെപ്റ്റാജിന്റ് (എഴുപത്) എന്ന് വിളിക്കുന്നു. ഈജിപ്റ്റിലെ അലക്സാൻഡ്രിയായിൽ പ്രവാസികളായി താമസിച്ചിരുന്ന യഹൂദന്മാരുടെ ഉപോഗത്തിനായി ടോളമി .... ഫിലഡെൽഫസ് രാജാവിന്റെ പ്രത്യേക താല്പര്യപ്രകാരം പഴയനിയമം ഗ്രീക്ക് ഭാഷയിലേക്ക് വിവർത്തനം ചെയ്തതാണ് സെപ്റ്റാജിന്റ്. ഇതിലെ പുസ്തകങ്ങളുടെ ക്രമം എബ്രായ ബൈബിൾ നിന്നും വ്യത്യസ്ഥമാണ്.

1) നിയമ പുസ്തകങ്ങൾ

ഉൽപ്പത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം

2) ചരിത്രപുസ്തകങ്ങൾ

യോശുവ, ന്യായാധിപന്മാർ, രൂത്ത്, 1 ശമുവേൽ, 2 ശമുവേൽ, 1 ദിനവൃത്താന്തം, 2 ദിനവൃത്താന്തം, എസ്രാ, നെഹെമ്യാ, എസ്ഥേർ.

3) എഴുത്തുകൾ

ഇയ്യോബ്, സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം.

4) പ്രവാചക പുസ്തകങ്ങൾ

യെശയ്യാ, യിരമ്യാ, യെഹസ്കിയേൽ, ദാനിയേൽ എന്നിവർ വലിയ പ്രവാചകന്മാരുടെ ഗണത്തിലും

ഹോശയാ, യോവേൽ, ആമോസ്, ഓബദ്യാവ്, യോനാ, മീഖാ, നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, ഹഗ്ഗായി, സെഖര്യാവ്, മലാഖി എന്നിവർ ചെറിയ പ്രവാചകന്മാരുടെ ഗണത്തിലും ഉൾപ്പെടുന്നു. അപ്പോക്രീഫാ അഥവാ ഇതര കാനോനിക ഗ്രന്ഥങ്ങൾ (Deutero Canonical) എന്നറിയപ്പെടുന്ന പുസ്തകങ്ങൾ ഇതിന്റെ ഭാഗമായി കണക്കാക്കുന്നു. അപ്പോക്രിഫാ പുസ്തകങ്ങൾ:- തോബിത്, യൂദിത്, ജ്ഞാനം, പ്രഭാഷകൻ, ബാറൂക്ക്, 1 മക്കാബിയർ, 2 മക്കാബിയർ, ദാനിയേലിന്റെ പുസ്തകത്തിന്റെ ചില ഭാഗങ്ങൾ, എസ്ഥേർ 11-16, എന്നിവ ഉൾപ്പെടുന്നു. പഴയ പുതിയ നിയമ കാലഘട്ടത്തിനിടയിലുള്ള ചരിത്രസംഭവങ്ങൾ ഈ പുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ യഹൂദർ എബ്രായ (തനാക്ക്) ബൈബിളിനെ ആധികാരിക വിശുദ്ധ ഗ്രന്ഥമായി സ്വീകരിച്ചു. നമ്മൾ ഇപ്പോൾ ഉപയോഗിക്കുന്ന മലയാളം ബൈബിളിലെ പുസ്തകങ്ങളുടെ ക്രമം സെപ്റ്റാജിന്റിൽ നിന്ന് എടുത്തിട്ടുള്ളതാണ്.

(തുടരും)

വചനതീർത്ഥം

പരിവർത്തന നാളുകൾ - 01

കൊത്തിനെ ഞായർ

(വി. യോഹന്നാൻ 2:1-11)

ഫാ. കെ. കെ. വർഗീസ്



വിശുദ്ധ യോഹന്നാന്റേ സുവിശേഷത്തിലെ അവസാനഭാഗത്ത് എന്തു കൊണ്ട് അടയാളങ്ങളും അത്ഭുതങ്ങളും സുവിശേഷ ഭാഗത്ത് ചേർത്തിരിക്കുന്നു എന്നതിന്റെ കാരണം പറയുന്നുണ്ട്. വിശുദ്ധ യോഹന്നാൻ 20:30-31, ' മറ്റനേകം അടയാളങ്ങൾ ശിഷ്യന്മാർ കാണുക ചെയ്തു. അതെല്ലാം വിവരിക്കുന്നില്ല. എന്നാൽ യേശു ദൈവപുത്രനായ ക്രിസ്തു എന്ന് വിശ്വസിക്കുവാനും അതുവഴി ജീവനുണ്ടാകുവാനും ഇവ എഴുതിയിരിക്കുന്നു'.

1. യോഹന്നാൻ.1-4 പഴയതും പുതിയതും

ഇസ്രായേൽ/ യഹൂദ സമൂഹം പഴയ കാര്യങ്ങളെ വിലമതിക്കുകയും വാർദ്ധക്യത്തെ ആദരിക്കുകയും ചെയ്യുന്ന ഒരു സമൂഹമായിരുന്നു. ഇവിടെ സ്ഥാപിതമായ വിശുദ്ധ യോഹന്നാൻ ഒന്നു മുതൽ നാലു വരെയുള്ള അധ്യായങ്ങളുടെ പൊതുവായ പ്രമേയം, അധമമായ പഴയതിനെ മാറ്റി ഒരു പുതിയതിനെ പകരം സ്ഥാപിക്കുക എന്നത് കൂടിയാണ്.

വിശുദ്ധ യോഹന്നാൻ 1:1-5 വരെയുള്ള ഭാഗങ്ങളും ഉല്പത്തി 1:1- 5 വരെയുള്ള ഭാഗങ്ങളും ചേർത്ത് വായിക്കുമ്പോൾ ചില സമാനതകൾ നമ്മൾക്ക് കാണാനാവും. ഉല്പത്തിയിൽ, ദൈവവചനത്താൽ സ്ഥാപിതമായ സൃഷ്ടി വിവരണം കാണാനാവും. (ഉല്പത്തി 1:3, 6,9 ,11,16, 20,24, 26).

യോഹന്നാൻ സുവിശേഷത്തിൽ ദൈവത്തോടൊപ്പം ഉള്ള, ദൈവം തന്നെയായ വചനത്തെ പറ്റി നാം വായിക്കുന്നു. വചനമായ ദൈവം സൃഷ്ടിയിൽ സന്നിഹിതനായി, അതിൽ സജീവമായി തുടരുന്ന ദൈവത്തെ പറ്റിയുള്ള വിവരണം 1:1-4 വരെ കാണുന്നുണ്ട്. ഉല്പത്തി 1/3 ൽ ദൈവം പ്രകാശം സൃഷ്ടിച്ചുവെന്നും വി. യോഹന്നാൻ 1: 9ൽ സകലരെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്ക് വന്നു എന്നും വായിക്കുന്നു. ന്യായപ്രമാണ മോശെമുഖാന്തരം ലഭിച്ചു, കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു. (1:17).

അധ്യായം 2:1/11 പഴയ ശുദ്ധീകരണത്തിന് പകരം ദൈവ രാജ്യത്തിൻറെ പുതിയ വീഞ്ഞ് എന്ന പ്രമേയം നമുക്ക് കാണാം.

മൂന്നാം അധ്യായത്തിൽ പുതിയ ജനനത്തിന്റേ ആവശ്യകത നിക്കോദിമോസിനോട് കർത്താവ് വിവരിക്കുന്നു (3:1/21).

നാലാം അദ്ധ്യായത്തിൽ കർത്താവ് യാക്കോബിന്റേ കിണറ്റിലെ വെള്ളവും ക്രിസ്തുവിൽ നിന്നുള്ള ജീവ ജലവും താരതമ്യം ചെയ്യുന്നു. തുടർന്ന് യെരുശലേമിലെയും ഗരീസീമിലെയും ആരാധനകളുടെ വ്യത്യസ്തത വിവരിക്കുന്നു. വീണ്ടും രാജ് ഭൃത്യന്റെ മകനെ സൗഖ്യമാക്കാനായി ഗലീലയിലെ കാനാവിൽ വരുന്നു; തന്റെ രണ്ടാമത്തെ അടയാളം (4: 4654)

2. യോഹന്നാൻ 2- 12 (അടയാളങ്ങളുടെ പുസ്തകം)

സ്വർഗ്ഗം തുറന്നിരിക്കുന്ന തും മാലാഖമാർ ദൈവപുത്രന് അടുക്കൽ കയറി ഇറങ്ങുന്നതും കാണും എന്ന്(1:51)

നഥാനിയേലിന്നോട് പറയുന്ന ക്രിസ്തു, വാഗ്ദാന പൂർത്തീകരണം എന്ന നിലയിൽ ഉടനെ തന്നെ കാനാവിൽ തന്റേ അടയാളങ്ങൾ ആരംഭിക്കുന്നു. അതു തന്റെ മഹത്വം വെളിപ്പെടുത്തുകയും ശിഷ്യന്മാർ അവനിൽ വിശ്വസിക്കുകയും ചെയ്യുന്നതിന് കാരണമായി,(2:11).

2 മുതൽ 12 വരെയുള്ള അധ്യായങ്ങൾ അടയാളങ്ങളുടെ പുസ്തകം എന്ന് വിളിക്കപ്പെടുന്നു. ഇവിടെ കർത്താവ് അടയാളങ്ങൾ പ്രവർത്തിക്കുക വഴി തൻറെ മഹത്വം വെളിപ്പെടുത്തുന്നു.

അടയാളങ്ങൾ സാധാരണഗതിയിൽ മനസ്സിലാക്കുന്നതിനും അപ്പുറമുള്ള ഒന്നിലേക്കാണ് വിരൽചൂണ്ടുന്നത്. കാനാവിലെ അടയാളം തൻറെ മഹത്വം വെളിപ്പെടുത്തുന്ന സംഭവമായിരുന്നു,(2:11). അത്ഭുതങ്ങളിൽ നിന്ന് വ്യത്യസ്തമായി അടയാളങ്ങളുടെ പ്രാധാന്യം എല്ലാവർക്കും മനസ്സിലാക്കുവാൻ കഴിഞ്ഞെന്നുവരില്ല. ശിഷ്യൻമാർ വിശ്വസിച്ചു2:11, പലരും വിശ്വസിച്ചു2:23, എന്നാൽ യഹൂദൻമാർ വിശ്വസിക്കുന്നില്ല,2:18. വിരുന്നുവാഴി പോലും ഈ അടയാളങ്ങൾ സംഭവിച്ചതിന് പിന്നിലുള്ള സംഗതികൾ മനസ്സിലാക്കിയില്ല. അടയാളങ്ങൾ അവനിൽ വിശ്വസിക്കുന്നവർക്കുള്ള, വിശ്വസിക്കാനുള്ള മുഖാന്തരം ആണെന്ന് സുവിശേഷകൻ പറയുന്നു.

3. വി. യോഹന്നാൻ 2:1-11 (കാനാവിലെ കല്യാണം)

നമ്മുടെ കർത്താവിൻറെ പരസ്യ ശുശ്രൂഷയിലെ ആദ്യ പ്രവർത്തിയായി സുവിശേഷം രേഖപ്പെടുത്തുന്ന സംഭവമാണിത്. വിശുദ്ധ വി.മത്തായിയുടെ സുവിശേഷത്തിൽ ആദ്യം മലയിലെ പ്രസംഗം ആണ്. വി.മർക്കസിൽ ആദ്യ പ്രവർത്തി അശുദ്ധാത്മാവിനെ പുറത്താക്കുന്നതാണ്.(1: 2128).

വിശുദ്ധ ലൂക്കോസിൽ, ദേവാലയത്തിൽവച്ച് ഉള്ള പ്രസംഗമാണ് തൻറെ പരസ്യ ശുശ്രൂഷ പ്രഥമ പ്രവർത്തിയായി വിവരിക്കുന്നത്. നാല് സുവിശേഷങ്ങളിലും ഈ നാല് സംഭവങ്ങൾക്കും അതിൻറെതായ പ്രാധാന്യവും ഊന്നലും പ്രത്യേകമായി തന്നെ ഉണ്ട്. കാനാവിലെ കല്യാണം ക്രമമായി ഉൾപ്പെടുത്തിയ കൗതുകകരമായ ഒരു കഥയല്ല, മറിച്ച് സുവിശേഷത്തിലെ ബാക്കി ഭാഗങ്ങളുടെ അർത്ഥതലങ്ങലുടെ സൂചനകൾ ഇവിടെ കണ്ടെത്താവുന്നതാണ്.

കാനാവിലെ കഥയിൽ വീഞ്ഞ് വർദ്ധിപ്പിക്കുന്ന സംഭവം, വീട്ടുകാരുടെ മുഖം രക്ഷിക്കാനുള്ള ഒരു സംഭവം എന്ന നിലയിലോ കുറേക്കൂടി ആഴമായ അർത്ഥത്തിലോ അനുവാചകർക്ക് മനസ്സിലാക്കാവുന്നതാണ്.മിക്ക അടയാളങ്ങൾക്കും മുമ്പായി കർത്താവ് ഒരു ചെറിയ പ്രസംഗം നിർവഹിക്കുന്നത് കാണാനാകും. എന്നാൽ ഇവിടെ അങ്ങനെ ഒന്നില്ല. പ്രസ്തുത പ്രസംഗത്തിന് അഭാവത്തിൽ നിന്ന് അതിനേക്കാളും ഒക്കെ വളരെ ആഴമായ അർത്ഥതലങ്ങൾ ടി സംഭവത്തിന് ഉണ്ട് എന്ന് തന്നെയാണ് മനസ്സിലാക്കേണ്ടത്. വിരുന്നു വാഴിയുടെ 'ഇളപ്പമായ വീഞ്ഞ്' പരാമർശം യഹൂദമതത്തിലെ പരിമിതികളെയും, 'മേൽത്തരം വീഞ്ഞു' ക്രിസ്തുവിന്റേ കൃപയേയും, വക്കോളം വർദ്ധിച്ചുവന്ന വീഞ്ഞ്, ദൈവകൃപയുടെ സമൃദ്ധിയും ആണ് സൂചിപ്പിക്കുന്നത്.

4. ഗലീലയിലെ കാനാവിൽ (2:1)

കാന, കാനാവ് എന്നിങ്ങനെ അറിയപ്പെടുന്ന ഈ സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ കൃത്യതയിൽ (geographycal location) വേദപണ്ഡിതന്മാരുടെ ഇടയിൽ ചില അഭിപ്രായവ്യത്യാസങ്ങൾ കാണുന്നുണ്ട്. നസ്രത്തിനടുത്തുള്ള ഒരു സ്ഥലം എന്ന നിലയിൽ ഇവിടം ചിലപ്പോൾ പരിചയപ്പെടുത്തുന്നുണ്ട്. വി. യോഹന്നാന്റെ സുവിശേഷത്തിൽ മാത്രമാണ് ഈ സ്ഥലത്തെ പറ്റി പരാമർശം ഉള്ളത്. നഥാനിയേലിൻറെ സ്വന്ത സ്ഥലം ഇവിടം ആയിരുന്നു (യോഹന്നാൻ 21-2). ഒരുപക്ഷേ ഈ ' അപ്രധാനം'(ഹലലെ ശാറൃീമേിരല) തന്നെയാണ് കാനാവിന്റേ പ്രസക്തി(ൃലഹല്മിരല). കർത്താവ് സാധാരണ മനുഷ്യരെയാണ് വലിയ നിയോഗങ്ങൾ ക്കുവേണ്ടി തിരഞ്ഞെടുത്തത്,(മോശ, ദാവീദ്,ഗിദയോൻ മുതലായവർ). അതുപോലെതന്നെ അപ്രധാനമായ സ്ഥലങ്ങൾ തന്റെ മഹത്വത്തിന് വെളിപ്പെടാനുള്ള ഇടങ്ങളായി താൻ പരിഗണിക്കുന്നു. (ബേതലഹേം, നസ്രത്ത് കാനാവ്, മുതലായവ).

അതുപോലെതന്നെ ഈ സംഭവത്തിനുശേഷം കർത്താവ് ദേവാലയ ശുദ്ധീകരണം നടത്തുന്നു. അതിനുശേഷം താൻ വീണ്ടും കാനാവിലെക്ക്

തന്നെ തിരികെ വന്നു രാജ ഭൃത്യന്റെ മകനെ സുഖപ്പെടുത്തുന്നു. 4:46. അങ്ങനെ ആദ്യത്തെയും രണ്ടാമത്തെയും അടയാളങ്ങൾ യെരുശലേം ദേവാലയത്തിൽ നിന്ന് വളരെ അകലെയുള്ള ചെറുതും അപ്രസക്തവുമായ ഒരു പ്രദേശത്ത് നിർവഹിക്കുക വഴി അകറ്റപ്പെട്ടവരോടും ചെറുതാക്കപെട്ടവരോടും ഉള്ള തന്റെ കരുതലിന്റേ ദൃഷ്ടാന്തം എന്ന നിലയിൽ നമുക്ക് ഇതിനെ മനസ്സിലാക്കാവുന്നതാണ്.

5. അവർക്ക് വീഞ്ഞില്ല (2:3)

ഏഴു ദിവസത്തോളം നീണ്ടു നിൽക്കുന്ന വിവാഹ ആഘോഷങ്ങൾക്കിടയിൽ എപ്പോഴോ വീഞ്ഞിൻറെ അഭാവം നേരിട്ടപ്പോൾ കന്യകമറിയം കർത്താവിനെ ആശ്രയിക്കുന്നു. 'സകലതും നിർവഹിക്കുന്ന ദൈവത്തിൽ തന്നെ'. സകല പ്രശ്നങ്ങളും കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള തൻറെ മകന്റേ പക്കൽ ഉടനെ തന്നെ ആശ്രയിക്കുന്ന മറിയം നമ്മൾക്ക് ഉത്തമദൃഷ്ടാന്തമാണ്. ഒരു അത്ഭുതം പ്രവർത്തിക്കാൻ പ്രാപ്തനായ കർത്താവിൽ ആണ് കന്യകയുടെ അഭയവും പ്രത്യാശയും.

6. രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറ് കൽപാത്രങ്ങൾ (2:6)

അനുഷ്ഠാനപരമായ ശുദ്ധീകരണ ആവശ്യത്തിനുള്ളതായിരുന്നു ഈ കൽപാത്രങ്ങൾ. ബാർക്ലേയുടെ അഭിപ്രായത്തിൽ 7 യഹൂദന്മാർക്ക് പൂർണതയുടെ സംഖ്യയാണ്. 6 ആവട്ടെ അപൂർണതയും.

യഹൂദ നിയമങ്ങളുടെ അപൂർണതയുടേയും അപര്യാപ്തതയുടെയും സൂചനകളാണ് ഈ ആറ് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു.

രണ്ടോ മൂന്നോ പറ വീതം എന്നുള്ള പ്രയോഗം വേദ പുസ്തകത്തിന്റെ മറ്റുചില ഭാഷാന്തരങ്ങളിൽ 20/30 ഗ്യാലൻ എന്ന് കാണുന്നുണ്ട്.

120 –180 ഗ്യാലൻ(900 ലിറ്റർ) വെള്ളമാണ് കൽഭരണിയിൽ നിറയപ്പെട്ടത്. എത്രയോ ജനങ്ങളെ ശുദ്ധീകരിക്കാൻ/തൃപ്തിപ്പെടുത്താൻ ആവശ്യമായത്.. 'അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു(3:16), വന്ന നമ്മുടെ കർത്താവിലൂടെ ലഭ്യമാകുന്ന അതിശക്തവും അളവില്ലാത്തതുമായ കൃപയെ അങ്ങനെ ജലം പ്രതീകപെടുത്തുന്നു.

7. വെള്ളം നിറപ്പീൻ എന്നു പറഞ്ഞു (2:7)

ശുശ്രൂഷക്കാർ കർത്താവ് പറഞ്ഞത് സംശയമോ മറുചോദ്യമോ ഇല്ലാതെ അനുസരിക്കുന്നു. രണ്ട് കാരണങ്ങളാൽ ഇത് പ്രശംസനീയവും അനുകരണീയവുമാണ്. ഒന്നാമത്, എന്തിനാണ് അവൻ ഇങ്ങനെ പറയുന്നത് എന്ന് അവർക്കറിയില്ല. രണ്ടാമത്, 200 ഗ്യാലൻ വെള്ളം കോരുന്നതും നിറക്കുന്നതും അത്ര നിസ്സാരമായ കാര്യമല്ല. ഇങ്ങനെയെങ്കിൽ പോലും തങ്ങളുടെ പരിസരങ്ങളിൽ അത്ഭുതം സൃഷ്ടിക്കാൻ കഴിവുള്ളവൻറെ വാക്കുകളോട് എത്ര വിനയപൂർവ്വം ആണ് അവനെ അറിയുക പോലും ഇല്ലാത്ത ദാസന്മാർ പ്രതികരിക്കുന്നത് എന്ന് നോക്കുക.

8. അറിഞ്ഞില്ല (2:9)

A. കർത്താവും മാതാവും ശിഷ്യൻമാരും മണവാളനും മണവാട്ടിയും വീട്ടുകാരും വിരുന്നുകാരും ശുശ്രൂഷകരും കലവറ ക്കാരും ഒക്കെയായി അത്രമേൽ ജനം അവിടെ ഉണ്ടായിരുന്നു. പക്ഷേ, ആ വീട്ടിലെ പ്രതിസന്ധി അറിഞ്ഞത് മാതാവും കർത്താവും മാത്രമാണ്. നിങ്ങളുടെ ആവശ്യങ്ങൾ നിങ്ങൾക്ക് മുമ്പേ അറിയുന്ന സ്വർഗ്ഗസ്ഥനായ പിതാവ്,സ്ഥലവും നിലവും പോരാതെ വരുവോളം അനുഗ്രഹങ്ങളെ പകരുന്നവൻ, ആവശ്യക്കാരൻ അപമാനിതൻ ആവുന്നതിനു മുൻപേ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സന്നദ്ധനാണ്. ചുറ്റും നിൽക്കുന്നവർ പോലും അറിയാതെ.. പ്രതിസന്ധി എങ്ങനെ പരിഹരിക്കപ്പെട്ടുവെന്നു, കൈകാര്യം ചെയ്യുന്ന കാര്യസ്ഥൻ പോലുമറിഞ്ഞില്ല എന്ന് സുവിശേഷം പറയുമ്പോൾ, ആ പ്രവൃത്തിയിലെ കരുതലും രഹസ്യാത്മകത യുമാണ് ശരിയായ സുവിശേഷം എന്ന് നാം മനസ്സിലാക്കുക.

B: അത്ഭുതം നടന്നത് അറിഞ്ഞില്ല എന്നത് പോലെ തന്നെ പലപ്പോഴും അത്ഭുതം ചെയ്ത ആളിനെയും അറിയുന്നില്ല എന്ന ഒരു പരിമിതി വിശ്വാസ ജീവിതത്തിൽ ഉണ്ടാവാറുണ്ട്. നാലാം സുവിശേഷത്തിലെ താൽപര്യങ്ങളിൽ ഒന്നാണ് അവനെ അറിയുക എന്നത്. (6:47, 7 :27, 8:14, 19: 9) വേദവായനാ ഭാഗത്തിലെ പരാമർശം, 2: 9 ഇങ്ങനെ ഒരു സൂചന കൂടി നമ്മുടെ മുമ്പിൽ വെക്കുന്നുണ്ട്. ചിലർക്ക് മാത്രമേ വീഞ്ഞ് /കൃപ എവിടെ നിന്ന് വന്നു എന്ന് അറിയൂ. ചിലർ അത് അതറിഞ്ഞില്ല/യുന്നില്ല. കാര്യസ്ഥൻ/വിരുന്നുവാഴി/ നേതൃത്വമാണ് എവിടെ നിന്ന് ഇത് വന്നു എന്ന് അറിയേണ്ടത്. പക്ഷേ ഇവിടെ ശുശ്രൂഷകാർ മാത്രമാണ് അത് അറിയുന്നത്. (ചിലപ്പോൾ നമ്മൾ മത നേതൃത്വത്തിന് ക്രിസ്തുവിന്റെ അടയാളങ്ങളെ അതിശയയങ്ങളെ പറ്റി ഒക്കെ അറിയാം. പക്ഷേ അനുയായികൾ, തികച്ചും സാധാരണ ജനം, അവർക്കാണ് അതിൽ വിശ്വാസം ഉള്ളത്. (സ്രീംഹലറഴല മിറ ആലഹശലള), എന്ന് ബോധ്യപ്പെടുന്ന അനുഭവങ്ങൾ ഉണ്ടായിട്ടില്ലേ???


10.നല്ല വീഞ്ഞ് ഇതുവരെയും (2:10) റിച്ചാർഡ് ബക്മാൻ എന്ന വേദപുസ്തക പണ്ഡിതന്റെ അഭിപ്രായത്തിൽ, ഈ വാക്യം പ്രസ്തുത വിഭാഗത്തിൻറെ ൗിരവ ഹശില ആയി കണക്കാക്കുന്നു. പല വീട്ടുകാരും പലപ്പോഴും കാണിക്കുന്ന അന്യായതിനെ പറ്റിയാണ് സൂചന. 'നിങ്ങൾ പക്ഷേ അങ്ങനെ ചെയ്തില്ലല്ലോ'. ചില വേദപുസ്തക കഥാപാത്രങ്ങൾ ആ സാഹചര്യത്തിന് ആവശ്യമായ സംഭാഷണമാണ് നടത്തുന്നതെങ്കിലും പിന്നീടുള്ള വേദപുസ്തക പഠനത്തിൽ ആഴമായ മറ്റു ചില അർത്ഥങ്ങൾ കൂടി കണ്ടെത്താനാവും. പറയുന്ന കാര്യങ്ങളുടെ ആഴം അറിയാതെയാണ് പറയുന്നതു എങ്കിലും അതിൻറെ ആന്തരികാർത്ഥം ഇങ്ങനെയാണ്; ദൈവം വളരെ അതിശയകരമായ ഒരു കാര്യം ചെയ്തു അവൻ തന്റെ ഏറ്റവും മഹത്തരമായതിനെ ലോകത്തിനുവേണ്ടി സൂക്ഷിച്ചുവെച്ചു. മോശയ്ക്ക് കൽപ്പനയും ജനതയ്ക്ക് വാഗ്ദത്ത നാടും കൊടുത്ത ഭൂതകാല സംഭവങ്ങൾ അല്ല, മറിച്ച്, ക്രിസ്തുവെന്ന തുളുമ്പുന്ന വീഞ്ഞിനെ ലോകത്തിനുവേണ്ടി നൽകിയതാണ് ആ കരുതൽ. അങ്ങനെ പ്രവാചകരും നിയമവും ആയ വെള്ളം ക്രിസ്തുകൃപ എന്ന വീഞ്ഞായി പരാവർത്തനം ചെയ്യപ്പെട്ടു.

11. അവനിൽ വിശ്വസിച്ചു (2:11)

ഈ വരികളാണ് വേദ ഭാഗത്തിന്റേ ഊന്നൽ. അവൻറെ അടയാളങ്ങൾ എല്ലാം വിശ്വാസത്തിലേക്ക് നയിക്കുന്നതിനായിട്ടാണ്. നാലാം സുവിശേഷത്തിന്റെ ലക്ഷ്യവും ഇതു തന്നെയാണല്ലോ; (20:31).പക്ഷേ എല്ലാവരും അവനിൽ വിശ്വസിച്ചില്ല. ഈ സുവിശേഷം അവനിൽ ആരാണ് വിശ്വസിക്കാഞ്ഞത് എന്ന് രേഖപ്പെടുത്തുന്നുണ്ട്.യഹൂദന്മാർ ആണ് അവനെ വിശ്വസിക്കാതിരുന്നത്.

(5:10,18 ,9:18) തങ്ങളുടെ മതപരവും രാഷ്ട്രീയവുമായ അധികാരം നിലനിർത്താൻ ആഗ്രഹിച്ച അവർ അവന്റെ അടയാളങ്ങൾക്ക് സാക്ഷികൾ ആയെങ്കിലും അവനെ എതിർക്കുവാൻ ആണ് താൽപര്യപ്പെട്ടത്. അവനോടൊപ്പം വിരുന്നിൽ പങ്കുചേരാൻ ഇഷ്ടമാണെങ്കിലും അവൻ വെച്ചുനീട്ടുന്ന പാനപാത്രം സ്വന്തം നിലനിൽപ്പിനെ ബാധിക്കും എന്ന് കാണുമ്പോൾ മുഖം തിരിഞ്ഞു നടക്കുന്ന യഹൂദന്മാർ. ഇത് ഏറ്റവും പുതിയ കാലത്ത് പോലും കാണാനാവുന്ന കാര്യമാണ്. ❑

പുസ്തകം



Church Calendar

Answering His Mother's Request

(St. John 2:1-11)



Fr. Nithin V. Rajan

We all have attended many functions and get together. We also have been hosts at many places. Managing big parties and ceremonies is a gigantic task as we are not sure how many will turn out, here planning becomes a big task. Even thou we plan everything sometimes there will be chances that we run short of food, man power, or resources? We will understand the pinch of the pain only if we have been in such a situation. Today's Gospel reading also says about a wedding feast where there was shortage of Wine. In Indian context wine may not play a very important role in weddings but on the other side of the globe even to this day wine has an important place in their banquet.

St. John 2:1-11 narrates the wedding occasion which happened in a place called Cana. Jesus along with His disciples and Mother was invited for the occasion. Marriage is an occasion for Joy and rejoicing. When the whole invited guests are enjoying the day, the Host or the Head of the family is in deep pain. The have run out of wine and that will be a reason for humiliation whole of their life.

Ï% **Understanding the pain of fellow human being:**

Here St. Mary come into picture even though she is just one of the invitees for the occasion, she gets into pain of the host. She who knew who her Son, asks Him to start His ministry of healing. This is a very important task of Christian life we are called to heal. We are called to cover up the pains of others than poking into the wounds and inflicting more pain. Doing without being asked for is a great Christian understanding, that's how we can imitate Christ. Our giving is a souvenir of the blessings God gives us and gave us through Jesus Christ. Here we see Mother Mary is not being called to help them out during their crises, but she steps forward as a blessing to the family at Cana. We too have to step forward and do all we can for the betterment of our Christian life and also to our fellow human beings and nature. We usually say it is not my duty, 'why should I' is a cry from most of us when it comes to doing something like what St. Mary does at the Wedding at Cana. Your greatness is not what you have, it's what you give. ***Hebrews 13:16*** *says "Don't forget to do good and to share what you have because God is pleased with these kinds of sacrifices."*

Ï% **Transformation to colourful and sweet-smelling one:**


Jesus first miracle is transforming water to wine. Here we see how plain water, tasteless and colourless was changed to colourful, sweet and fragrant. This is applicable to our lives also. If we feel we are living a monotonous life that means the lack of presence of Christ. When Christ was invited to take over the broken situation of wedding at Cana, it changed the taste of the entire reception. But for this to take place there is a rule and it's very simple. In ***St. John 2:5****, His mother said to the servants, "Do whatever he tells you."* Our lives will be better and satisfied when we listen to Him. We carry all burdens when we take things on us ***Psalm 55:22*** *says "Cast your burden on the Lord, and He will sustain you; He will never permit the righteous to be moved."* Transformation is a very important aspect of Christian life. Unless we are transformed we remain in the same state, but when we are transformed we become more useful to others.

Ï% **Music and dancing was changed to Glory and Halleluiahs:**

When we read the liturgical texts relating to the Wedding of Cana we see this connotations. When Christ comes to our life our ways of life changes. It does not mean it's a monotonous life. There is greater joy in Christian life, there is greater peace in Christian life which the worldly life cannot offer. There is hope in worship, there is faith in worship. There is so much which we can imbibe from Christian life which we often forfeit. We think such life is not possible but it's a biggest lie Satan spread around.

Here we see that the plan and calculations of the human capacity has failed and when Christ steps in there is surplus. When people calculated that the worldly plans of celebration is just what is needed for a marriage, they failed. The house which was joyous was going to be a house of shame not able to provide the need for the feast, is turned to a house of Worship and Glory to God. Here we see "Jehovah Jireh" "the Lord will provide," it doesn't just mean that if you trust in God he will help us in our daily needs. Jehovah Jireh means abundant life God will give. Life is not just eating or drinking. the Holy Scriptures makes it very clear in ***St. Matthew 6:25-26*** *"Therefore I tell you, do not worry about your life, what you will eat or drink; or about your body, what you will wear. Is not life more than food, and the body more than clothes? Look at the birds of the air; they do not sow or reap or store away in barns, and yet your heavenly Father feeds them. Are you not much more valuable than they?*


So as we begin our journey through the Lenten days let us ask God to transform us so that we will be able to become colorful and fragrant. Let us ask God to make us catalysts like St. Mary in our works for charity. Let us give with a good heart so that we will be glad and our giving's will be platforms to praise God for His abundant blessings rather than self-glorification. ***Galatians 6:2*** *"Carry each other's burdens and so you will fulfill the law of Christ." Amen.* ❑



ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന ഡോ.തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്തായുടെ 14–ാം ഓർമ്മ പ്പെരുന്നാളിനോടനുബന്ധിച്ച് നടന്ന വിശുദ്ധ കുർബ്ബാനയ്ക്കും തുടർന്ന് നടന്ന ധൂപ പ്രാർത്ഥനയ്ക്കും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യകാർമികത്വം വഹിച്ചു.



മലങ്കര ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സഭാ ആസ്ഥാനമായ ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ നടന്നു.



പ. കാതോലിക്കാ ബാവാ തിരഞ്ഞെടുപ്പ് ഫലം അംഗീകരിച്ച് ഒപ്പ് രേഖപ്പെടുത്തുന്നു.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ സ്ലീബാദാസ സമൂഹം കുടുംബങ്ങൾ, അവരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് കേരള സർക്കാരിന്റെ ന്യൂനപക്ഷ ക്രിസ്ത്യൻ കമ്മീഷനായ ജസ്റ്റീസ് ജെ. ബി. കോശി കമ്മീഷൻ ചെയർമാൻ റിട്ട. ചീഫ് ജസ്റ്റിസ് ബഞ്ചമിൻ കോശി മുമ്പാകെ സ്ലീബാദാസ സമൂഹം കമ്മറ്റി അംഗങ്ങളായ സഖറിയ മാണി, വി. കെ. വർഗീസ്, കെ. കെ. ജോർജ് എന്നിവരുടെ സാന്നിധ്യത്തിൽ സ്ലീബാദാസ സമൂഹം ജനറൽ സെക്രട്ടറി ഫാ. സോമു. കെ. ശാമുവേൽ സമർപ്പിക്കുന്നു.



37 വർഷങ്ങളായി മലങ്കരസഭാ മേലാധ്യക്ഷന്മാരെയും, മെത്രാപ്പോലീത്തമാരെയും തിരഞ്ഞെടുത്ത അനുഭവ സാമ്പത്തുമായി എം കുര്യൻ

പരിശുദ്ധ സഭയിലെ മാവേലിക്കര ഭദ്രാസനത്തിൽ ഉൾപ്പെട്ട കരുവാറ്റ നോർത്ത് സെന്റ് ജോർജ്ജ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗം എം കുര്യനാണ് അപ്പച്ചനാണ് 1985 മുതൽ 2022 വരെയുള്ള കഴിഞ്ഞ 37 വർഷങ്ങളായി ശരീരിക അസ്വസ്ഥതകളും, യാത്രാ ക്ലേശങ്ങളും അവഗണിച്ച് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രതിനിധി എന്ന നിലയിൽ പ. മാത്യൂസ് പ്രഥമൻ ബാവയുടെ കാലം മുതൽ നടന്നിട്ടുള്ള അസോസിയേഷനുകളിലൂടെ മാത്യൂസ് ദ്വിതീയൻ ബാവ മുതൽ പരിശുദ്ധ മാത്യൂസ് തൃതീയൻ ബാവ വരെയുള്ള പരിശുദ്ധ സഭയുടെ 4 പ്രധാന മേലധ്യക്ഷന്മാരെയും, അവരുടെ ഭരണ കാലത്ത് മേൽപ്പട്ട സ്ഥാനം ലഭിച്ച പ. സഭയിലെ മെത്രാപ്പോലീത്താമാരെയും തിരഞ്ഞെടുക്കാനുള്ള ഭാഗ്യം ലഭിച്ചിട്ടുള്ളത്.

1985-ൽ താൻ ആദ്യമായി പങ്കെടുത്ത അസോസിയേഷനിൽ വച്ചാണ് പരിശുദ്ധ പൗലോസ് ദ്വിതീയൻ ബാവ, ചെങ്ങന്നൂർ ഭദ്രാസനാധിപനായിരുന്ന തോമസ് മാർ അത്താനാസിയോസ്, കോട്ടയം ഭദ്രാസനാധിപനായിരുന്ന ഗീവർഗ്ഗീസ് മാർ ഇവാനിയോസ്, കൊള്ളാം ഭദ്രാസനാധിപനായിരുന്ന മാത്യൂസ് മാർ എപ്പിഫാനിയോസ്, തുമ്പമൺ ഭദ്രാസനാധിപനായിരുന്ന ഫിലിപ്പോസ് മാർ യൗസേബിയോസ് എന്നീ പിതാക്കന്മാരെ മെത്രാപ്പൊലീത്താമാരായി തിരഞ്ഞെടുക്കുന്നത് എന്ന് എം. കുര്യൻ ഓർക്കുന്നു.

മുൻപ് പല തവണ മെത്രാപ്പോലീത്ത തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തിട്ടുണ്ടെങ്കിലും ഇത്തവണ ഒരു പുതിയ അനുഭവം ആയിരുന്നു എന്നും എം. കുര്യൻ പറയുന്നു.



കുന്നംകുളം ഭദ്രാസനത്തിലെ അസോസിയേഷൻ അംഗങ്ങൾ ആർത്താറ്റ് അരമനയിൽ സമ്മേളിച്ചു വോട്ടു രേഖപ്പെടുത്തി.



ഡൽഹി യൂണിവേഴ്സിറ്റിയിൽ നിന്നും M.Sc. Chemistry- Inorganic Chemistry സ്പെഷ്യലൈസേഷനിൽ സ്വർണ്ണ മെഡൽ നേടിയ Feba Ann Mathew മേൽപാടം പട്ടേരിപ്പുരക്കൽ P C Mathew (MRF, Trichy) വിന്റെയും മാവേലിക്കര നാടാവള്ളിൽ മലയിൽ Deepa Annie Mathew വിന്റെയും മകളാണ്. മേൽപ്പാടം സെന്റ് കുര്യാക്കോസ് ഓർത്തഡോക്സ് ഇടവകാംഗമാണ്.

റോട്ടറി എക്സലൻസ് പുരസ്കാരം ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക്

കുന്നംകുളം : റോട്ടറി എക്സലൻസ് പുരസ്കാരം ഓർത്തഡോക്സ് സഭയുടെ മാധ്യമ വിഭാഗം ചെയർമാനും അഹമ്മദാബാദ് ഭദ്രാസനം മെത്രാപോലീത്തയുമായ ഡോ : ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായ്ക്ക്. അദ്ദേഹം പൊതുസമൂഹത്തിനു നൽകിയ സംഭാവനകൾ പരിഗണിച്ചാണ് കുന്നംകുളം റോട്ടറി ക്ലബ്ബിന്റെ എക്സലൻസ് അവാർഡിന് തെരഞ്ഞെടുത്തിരിക്കുന്നത്.

വടക്കേ ഇൻഡ്യയിലെ ആദിവാസി കോളനികളിൽ പ്രത്യേകിച്ച് രാജസ്ഥാനിലെ മൗണ്ട് അബുവിലുള്ള ' ജ്യോതിസ്സ് ആശ്രമ 'ത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ പരിഗണിച്ചാണ് തിരുമേനിക്ക് ഈ അവാർഡ് നൽകുന്നത്. ആശ്രമാധിപൻ കൂടിയായ മാർ യൂലിയോസിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് ആശ്രമം മാനേജരായ ഫീലിപ്പോസ് റമ്പാനാണ്. 20 വർഷത്തിലധികമായി വടക്കേ ഇൻഡ്യയിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്ന റമ്പാന്റെ ആത്മാർപ്പണം നിറഞ്ഞ പ്രവർത്തനങ്ങൾക്ക് മാർ യൂലിയോസ് നൽകിവരുന്ന പിന്തുണയും പ്രാർത്ഥനയും കരുതലുമാണ് ആശ്രമത്തിന്റെ വളർച്ചക്കും പ്രവർത്തനങ്ങൾക്കും ചാലക ശക്തിയാകുന്നതെന്ന് ഫിലിപ്പോസ് റമ്പാൻ അനുസ്മരിച്ചു.

വിവിധ മേഖലകളിൽ വ്യക്തിമുദ്രപതിപ്പിച്ച കുന്നംകുളത്തുകാർക്ക് നൽകുന്നതാണ് എക്സലൻസ് അവാർഡ്. ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ, പ്രശസ്ത തച്ചുശാസ്ത്ര വിദഗ്ധൻ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട് പ്രശസ്ത സർജൻ ഡോ : ആർ.എം വർമ്മ വ്യവസായി ഉജാല രാമചന്ദ്രൻ തുടങ്ങിയ പ്രതിഭകളാണ് മുൻകാലങ്ങളിൽ റോട്ടറി എക്സലൻസ് അവാർഡ് നൽകിയിട്ടുള്ളത്.


2022 ഫെബ്രുവരി 27-ന് ഞായറാഴ്ച വൈകീട്ട് 5-ന് കുന്നംകുളത്ത് നടക്കുന്ന ചടങ്ങിൽ അവാർഡ് കൈമാറുമെന്ന് റോട്ടറി ഭാരവാഹികളായ പ്രസിഡണ്ട് ലെബീബ് ഹസ്സൻ സെക്രട്ടറി വി.കെ ഡെന്നി ട്രഷറർ സക്കറിയ ചീരൻ വൊക്കേഷണൽ ഡയറക്ടർ ഡോ: ബി. ശുശാന്ത് എന്നിവർ അറിയിച്ചു.

കേരള നിയമസഭാ സ്പീക്കർ എം. ബി. രാജേഷ് അവാർഡ് ദാനം നിർവ്വഹിക്കും. കുന്നംകുളം എം.എൽ എ. എ. സി. മൊയ്തീൻ, കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീത. രവീന്ദ്രൻ റോട്ടറി ക്ലബ് ഭാരവാഹികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കുന്നതുമാണ്.



പുസ്തകം









വിദ്യാരംഭം മാർച്ച് 5-ന്

സുറിയാനി ഭാഷയിലെ അഗാധ പാണ്ഡിത്യം കൊണ്ട് പൗരസ്ത്യ ആരാധനയെ സ്വർഗ്ഗീയ ആരാധനയാക്കി മാറ്റിയ 'പരിശുദ്ധ റൂഹായുടെ കിന്നരം' മാർ അപ്രേമിന്റെ നാമത്തിൽ സ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ദൈവാലയമായ കോട്ടയം ഭദ്രാസനത്തിലെ തോട്ടയ്ക്കാട് മാർ അപ്രേം ദൈവാലയത്തിൽ ആ പരിശുദ്ധ പിതാവിന്റെ ഓർമ്മ പെരുന്നാൾ ദിനമായ മാർച്ച് 5-ന് വി. കുർബാനാനന്തരം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവായുടെ തൃക്കരങ്ങളാൽ അറിവിന്റെ ലോകത്തേക്ക് പിച്ച വെയ്ക്കുന്ന കുരുന്നുകൾക്ക് ആദ്യാക്ഷരം കുറിക്കപ്പെടുന്നു. ഈ മഹനീയ സന്ദർഭത്തിൽ തങ്ങളുടെ കുട്ടിയുടെ വിദ്യാരംഭം കുറിക്കുന്നതിന് ആഗ്രഹിക്കുന്ന രക്ഷിതാക്കൾ ദയവായി താഴെക്കൊടുത്തിരിക്കുന്ന നമ്പരിൽ മുൻകൂർ ബന്ധപ്പെടുക. **Ph: 9745450808, 9495886377**